**നിയമനിർമ്മാണകാര്യം**

(i) 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക്, 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി)ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക

ബദൽ ക്രമീകരണം) ബില്ലും വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി)ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: മിനിസ്റ്റർ, ഇപ്പോൾ സംസാരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇപ്പോൾ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: മൂന്ന് ബില്ലുകളും ഒന്നിച്ചാണ് ചർച്ച ചെയ്യുന്നത്. മൂന്ന് ബില്ലിനും കൂടി 12 പേരാണ് സംസാരിക്കാനുള്ളത്. ഉച്ചയ്ക്ക് 12.30-ന് സഭാ നടപടികൾ നിർത്തിവച്ച് 2 മണിക്കൂർ അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നതാണ്. സമയത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നത് അംഗങ്ങൾക്ക് പൊതുവെ സുഖകരമായ അനുഭവമായിട്ടല്ല തോന്നുന്നത്. സമയം ക്രമീകരിച്ച് 10 മിനിട്ടിൽ ഒതുക്കി

സംസാരിക്കുന്നതാണ് ഭംഗി. ബില്ലിന്റെ മേലുള്ള ചർച്ചയ്ക്ക് സമയക്രമമില്ലെന്നൊരു ധാരണ നമുക്കുണ്ടെങ്കിലും ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണമെന്നുതന്നെയാണ് ചട്ടത്തിൽ പറയുന്നത്. ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ എന്തും പറയാമെന്നുള്ള സമീപനം ചട്ടം അനുവദിക്കുന്നില്ല എന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. കെ. എം. ഷാജി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ടി. വി. ഇബ്രാഹിമിന് 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. എം. ഷാജി ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. ടി. വി. ഇബ്രാഹിം): സർ, 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 1994-ൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് സ്ഥാപിതമായ യൂണിവേഴ്സിറ്റിയാണ്. അതിനെ മറ്റ് സർവ്വകലാശാലകളുടെ നിലവാരത്തിലേയ്ക്ക് നിയമപരമായി കൊണ്ടെത്തിക്കുക എന്നുപറയുന്നത് നല്ല കാര്യമാണ്. പക്ഷേ എപ്പോഴും ഓർഡിനൻസുകൾ enactment-നുവേണ്ടിയാണ് വന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഓർഡിനൻസുകൾ ഇറക്കിയ സർക്കാർ ഇതാകുമോയെന്ന് ഭയപ്പെടുന്ന രീതിയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്.

ആവശ്യമാണെങ്കിലും മറ്റ് പല അനാവശ്യ സംഗതികൾക്കും ഓർഡിനൻസ് ഇറക്കിക്കൊണ്ടിരിക്കുകയാണ്. ഏതായാലും ഓർഡിനൻസ് ആക്ട് ആക്കി മാറ്റുന്നതിൽ ഈ നിയമസഭയുടെ ഉത്തരവാദിത്വം നമ്മൾ നിർവ്വഹിക്കുകയാണ്. നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ ഈ സർവ്വകലാശാലയിൽ യു.ജി.സി. സ്റ്റാഫ്, അദ്ധ്യാപകർ എന്നിവരുണ്ട്. അവരുടെ റിട്ടയർമെന്റ് പ്രായം മറ്റ് സർവ്വകലാശാലകളിലേതുമായി ഒന്നിച്ചുപോകുന്നു. അതോടൊപ്പം നോൺ യു.ജി.സി. സ്റ്റാഫും മറ്റ് അദ്ധ്യാപകേതര സ്റ്റാഫിന്റെയും കാര്യത്തിൽ പഴയ പോലെത്തന്നെ തുടരും എന്നുള്ളതാണ് ഈ ഓർഡിനൻസിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ സംസ്കൃത സർവ്വകലാശാലയുടെ മറ്റ് കാര്യങ്ങൾ കൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പരിഗണിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഏകദേശം 2500-ഓളം വിദ്യാർത്ഥികളും നൂറിലധികം ടീച്ചിംഗ് ഫാക്കൽറ്റിയുമുള്ള ഈ സർവ്വകലാശാലയ്ക്ക് ഇന്ന് 8 റീജിയണൽ സെന്ററുകളുണ്ട്. റീജിയണൽ സെന്ററുകളുടെ കാര്യം പറയുമ്പോൾ വളരെ മോശമായിട്ടുള്ള, പാരലൽ കോളേജുകളുടെ നിലവാരത്തിലുള്ള റീജിയണൽ സെന്ററുകളാണ് പലയിടത്തുമുള്ളത് എന്നത് നമുക്കൊരപമാനമാണ്. അത് നല്ല രീതിയിലേക്ക് മാറ്റിക്കൊണ്ടുവരേണ്ടതുണ്ട്. സംസ്കൃത ഭാഷയുടെ പേരിൽ ഒരു സർവ്വകലാശാല സ്ഥാപിച്ചത് വളരെ ദീർഘദൃഷ്ടിയോടുകൂടിയാണ്. മദ്ധ്യേഷ്യയിൽ നിന്നും വന്നതാണെങ്കിലും ലാറ്റിൻ, ഗ്രീക്ക് ഭാഷകളോട് കിടപിടിക്കുന്ന രീതിയിലുള്ള

സാഹിത്യ സമ്പുഷ്ടമായ ഭാഷയാണ് 5000 വർഷത്തെ പഴക്കമുള്ള പൗരാണികഭാഷകളിൽപ്പെട്ട ഭാഷയായ സംസ്കൃതം. വേദങ്ങളുടെ ഭാഷയാണിത്. പ്രത്യേകിച്ചും ഹിന്ദു മതരീതിയിലുള്ള എല്ലാ ശാസ്ത്രങ്ങളുടെയും ഭാഷയാണ്. ഉപനിഷത്തുക്കളുടെ ഭാഷയാണ്, ഭഗവത്ഗീതയും രാമായണവും മഹാഭാരതവും രചിക്കപ്പെട്ട ഭാഷയാണ്. അതോടൊപ്പം തന്നെ എല്ലാ കലകളും വന്നിട്ടുള്ളത്... കൂടിയാട്ടം, മാർഗ്ഗംകളി, കഥകളി, തുള്ളൽ, മോഹിനിയാട്ടം കലകളാകട്ടെ അങ്ങനെ എല്ലാ കലകളും.....

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സംസ്കൃത ഭാഷയ്ക്ക് 500 വർഷത്തെ പഴക്കമല്ല ഉള്ളത്. ഉപനിഷത്തുകൾ എഴുതിയിട്ട് ആയിരത്തിലധികം വർഷങ്ങളായി. കാലഘട്ടത്തിന്റെ പോരായ്മ ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്കൃത ഭാഷയുണ്ടായിട്ട് ആയിരക്കണക്കിന് വർഷങ്ങളായി.

മി. സ്പീക്കർ: വസ്തുതാപരമായ പിശകുണ്ടെങ്കിൽ പരിശോധിക്കാം. സംസ്കൃത ഭാഷയുടെ പഴക്കത്തെക്കുറിച്ച് അങ്ങ് പറഞ്ഞതിലുള്ള വസ്തുതാപരമായ

പിശക് ചൂണ്ടിക്കാണിച്ചതാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> ഭാഷയ്ക്ക് 5000 വർഷത്തെ പഴക്കമുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ:</u> 500 വർഷത്തെ പഴക്കമെന്നാണ് അങ്ങ് പറഞ്ഞത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> 500 എന്ന് പറഞ്ഞത് പിഴവ് പറ്റിയതാണ്. ഞാൻ അത് തിരുത്തുന്നു. 5000 വർഷമെന്നാണ് ഉദ്ദേശിച്ചത്. നാവ് പിഴച്ചതാണ്.

ആയുർവ്വേദം, യോഗ പോലുള്ള എല്ലാ ഗ്രന്ഥങ്ങളുടെയും ഭാഷയാണിത്. ആ രീതിയിൽ ഭാഷയുടെ സമ്പുഷ്ടമായ സാഹിത്യത്തെയും അതിലുള്ള ഗവേഷണങ്ങളെയുമൊക്കെ പുഷ്ടിപ്പെടുത്തുകയും അതിന്റെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തുകയെന്നുള്ളത് തന്നെയാണ് സംസ്കൃത സർവ്വകലാശാലയുടെ ലക്ഷ്യമായി കണ്ടിട്ടുള്ളത്. ഞാൻ സുദീർഘമായി സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. കണാദശാസ്ത്രം, കപിലശാസ്ത്രം, ജ്യോതിശാസ്ത്രം, ആര്യഭടീയം, വരാഹമിഹിരന്റെ ഗ്രന്ഥങ്ങൾ തുടങ്ങി എല്ലാ ശാസ്ത്ര ഗ്രന്ഥങ്ങൾക്കും ഏറെ സംഭാവന ചെയ്ത ഭാഷയാണിത്. മാത്രമല്ല, ഇന്ത്യയുടെ സംസ്കാരം, സാഹിത്യം, തത്വചിന്ത, വ്യാകരണം തുടങ്ങിയവയിലൊക്കെ അങ്ങേയറ്റം ചൂഴ്ന്നുനിൽക്കുന്ന ഒരു ഭാഷയെന്നുള്ള നിലയ്ക്ക്

ഈ സർവ്വകലാശാലയെ എല്ലാ നിലയ്ക്കും പോറ്റി വളർത്തി അതിനെ ശക്തിപ്പെടുത്തേണ്ടതുമുണ്ട്. വ്യാസന്റെ മഹാഭാരതവും ഭഗവത്ഗീതയും കാളിദാസന്റെ ശാകുന്തളവും മേഘസന്ദേശവും വാത്മീകി മഹർഷിയുടെ രാമായണവും വേദങ്ങളായ ഋഗ്വേദം, യജ്ജുർവേദം, സാമവേദം, അഥർവ്വവേദം എന്നിവയെല്ലാം സംസ്കൃത ഭാഷയിൽ നമ്മുടെ പൗരാണികമായ സംസ്കാരവുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. ഈ ഭാഷ ശക്തിപ്പെടുത്താൻവേണ്ടി ഭാഷയും അതിനോടനുബന്ധിച്ചുള്ള സാഹിത്യരംഗത്തുള്ള ഗവേഷണങ്ങളും മറ്റും ശക്തിപ്പെടുത്തേണ്ടതും പുഷ്ടിപ്പെടുത്തേണ്ടതുമുണ്ട്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണം വളരെ അത്യാവശ്യമാണ്. ഇതിനോടനുബന്ധിച്ച് എനിക്ക് പറയാനുള്ളത്, കേരളത്തിൽ ധാരാളം സർവ്വകലാശാലകൾ ഉണ്ടായിട്ടുണ്ട്. കേരള സർവ്വകലാശാല ഒഴിച്ച് ബാക്കി എല്ലാ സർവ്വകലാശാലകളും കേരളം രൂപീകൃതമായതിനുശേഷം സ്ഥാപിച്ച സർവ്വകലാശാലകളാണ്. ഏറെക്കുറെ എല്ലാ സർവ്വകലാശാലകളും, അതായത് കാലിക്കറ്റ് സർവ്വകലാശാല സി. എച്ച്. മുഹമ്മദ്കോയയുടെ കാലത്ത് സ്ഥാപിച്ചതാണ്. കണ്ണൂർ സർവ്വകലാശാലയും സംസ്കൃത സർവ്വകലാശാലയും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ കാലത്ത് സ്ഥാപിച്ചതാണ്. സി. എച്ച്. മുഹമ്മദ് കോയയുടെ കാലത്തുതന്നെയാണ് കുസാറ്റും സ്ഥാപിച്ചിട്ടുള്ളത്. ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ സമയത്താണ്

മലയാളം സർവ്വകലാശാലയും ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും സ്ഥാപിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥിന്റെ സമയത്ത് ഒരു സർവ്വകലാശാല കേരളത്തിലുണ്ടായിയെന്ന് പറയണം. അതിന് സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പാലൊളി മുഹമ്മദ്കുട്ടി ചെയർമാനായുള്ള കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അറബിക് സർവ്വകലാശാല എന്തുകൊണ്ട് സ്ഥാപിച്ചുകൂടാ. ഇത് ശ്രീ. പാലൊളി മുഹമ്മദ്കുട്ടി ചെയർമാനായുള്ള കമ്മിറ്റി ശിപാർശ ചെയ്ത സർവ്വകലാശാല മാത്രമല്ല, എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള സർവ്വകലാശാലകൂടിയാണ്. അത് എന്തുകൊണ്ട് പ്രാവർത്തികമാക്കിക്കൂടാ? ഇപ്പോൾ ഇടതുപക്ഷ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടൊക്കെ വന്നുകഴിഞ്ഞു. അറബിക് സർവ്വകലാശാല സ്ഥാപിക്കാൻ ആവശ്യമായ എന്ത് നടപടിയെടുത്തുവെന്നുള്ളത് ആ പ്രോഗ്രസ് റിപ്പോർട്ടിൽ കാണുന്നില്ല. സ്വന്തം കുട്ടിയെ പരിപാലിച്ച് പോറ്റി വളർത്താനുള്ള ബാധ്യത ഇടതുപക്ഷ സർക്കാരും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഏറ്റെടുക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അറബിക് സർവ്വകലാശാലയുടെ സാധ്യതകളും മറ്റ് കാര്യങ്ങളും ഞാൻ പറയാതെതന്നെ ബോദ്ധ്യപ്പെട്ടതുകൊണ്ടാകണം ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ്കുട്ടി അടക്കമുള്ള ആളുകൾ ഇത്

പറഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ അറബിക് ഭാഷയുടെ പ്രാധാന്യവുമുണ്ട്. കേരളത്തിൽ സ്കൂൾതലത്തിലും ഹയർ സെക്കണ്ടറി തലത്തിലുമായി 8000 ടീച്ചർമാരും 10 ലക്ഷം വിദ്യാർത്ഥികളും അറബി കൈകാര്യം ചെയ്യുന്നുണ്ട്. 24 രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയാണ് അറബി. മാത്രമല്ല, OPEC രാജ്യങ്ങളുടെ മുഴുവൻ ഔദ്യോഗിക ഭാഷ അറബിയാണ്. യു.എൻ.ഒ. പോലും അംഗീകരിച്ചിട്ടുള്ള 6 ഭാഷകളിലൊന്നാണ് അറബി. ലോകത്തിലുള്ള 630 കോടി ജനങ്ങളിൽ 45 കോടിയോളം ജനങ്ങൾ സംസാരിക്കുന്ന ഭാഷയാണ് അറബി. വികസിത രാജ്യമായ അമേരിക്കയിലെ പല യൂണിവേഴ്സിറ്റികളിലും അറബിക് മീഡിയത്തിൽ പഠനം നടത്തുന്നു. കൂടാതെ, കേരളത്തിലെ ടൂറിസം മേഖലയിലും അതുമായി ബന്ധപ്പെട്ട ട്രാൻസ്ലേഷൻ മേഖലയിലുമുള്ള ധാരാളം കാര്യങ്ങൾ, അറബ് പൗരസ്ത്യ രാജ്യങ്ങളിലുള്ള തൊഴിലവസരങ്ങൾ തുടങ്ങി അറബി ഭാഷയുമായി ബന്ധപ്പെട്ട് ധാരാളം സാധ്യതകളുണ്ട്. ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ അറബി പഠിപ്പിക്കുന്നുണ്ട്. ഇതൊക്കെയാണെങ്കിലും അറബി പഠനത്തിനോ അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനോ കൃത്യമായതും വ്യവസ്ഥാപിതവുമായ പഠന രീതിയോ സൗകര്യങ്ങളോ ഉന്നത വിദ്യാഭ്യാസ രംഗത്തില്ല. സാഹിത്യരംഗത്ത് അനേകം സാധ്യതകളുണ്ട്. മുസ്ലീം സമുദായത്തിൽപ്പെട്ടവർ അവരുടെ മതഗ്രന്ഥമായി കാണുന്ന പരിശുദ്ധ

ഖുറാൻതന്നെ അറബി സാഹിത്യത്തിന്റെ ഉന്നതകോടിയിലുള്ള ഏറ്റവും നല്ലൊരു ഗ്രന്ഥമാണ്. സാഹിത്യത്തിലും ഫിലോസഫിയിലും വൈദ്യശാസ്ത്രത്തിലും ഗോളശാസ്ത്രത്തിലുമുള്ള അറബി ഗ്രന്ഥങ്ങൾ അമൂല്യങ്ങളാണ്. യൂറോപ്യൻ സർവ്വകലാശാലകളിൽപോലും Ibn Sina-യുടെ 'The Canon of Medicine' എന്ന ഗ്രന്ഥം പ്രത്യേക പഠനവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാധ്യതകളൊന്നും ഉപയോഗിക്കാൻ കേരളത്തിൽ കഴിയുന്നില്ല. മാത്രമല്ല, പ്രവാചകൻ മുഹമ്മദ് നബി വരുന്നതിനുമുമ്പുതന്നെ അറേബ്യയിലെ Mu'allaqat എന്ന് പറയുന്ന 7 സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങളാണ് ഇന്ന് കാബയിൽ കെട്ടിത്തൂക്കിയതായി നിൽക്കുന്നത്. Mu'allaqat എന്നാൽ കെട്ടിത്തൂക്കപ്പെട്ട സാഹിത്യഗ്രന്ഥങ്ങൾ എന്നാണ്. ആ ഗ്രന്ഥങ്ങളിൽ, കേരളത്തിലെയും ഇന്ത്യയിലെയും എല്ലാവരും ക്വാട്ട് ചെയ്യുന്നതാണ് Imru' al-Qais എന്ന കവിയുടെ കൃതികൾ. Imru' al-Qais, Tarafa, Zuhayr, Labid, Antara Ibn Shaddad, Amr ibn Kulthum, Harith ibn Hilliza എന്നീ 7 സാഹിത്യകാരന്മാരുടെ ലോകം അംഗീകരിച്ച സാഹിത്യ സൃഷ്ടികളൊന്നും കേരളത്തിലെ ഒരു ഉന്നത പഠന ഗവേഷണത്തിനും വിധേയമാക്കാത്തവിധം മരവിച്ചു നിൽക്കുകയാണ്. അതുകൊണ്ട് ആ സാധ്യതകൾ തീർച്ചയായും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും

ഉപയോഗിക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പേരിലെ 3 പദങ്ങൾപോലും അറബിയിൽനിന്നാണ് വരുന്നത്. ജവഹർ എന്ന് പറയുന്നത് ഡയമണ്ട് എന്ന് പറയുന്നതിന്റെ അറബി പദമാണ്. നെഹ്റുവെന്നാൽ അറബിയിൽ റിവർ എന്നാണ് അർത്ഥം. നദീതടസംസ്കാരത്തിൽനിന്നും ഉടലെടുത്ത ഒരു കുടുംബത്തിൽനിന്നും ജവഹർലാൽ നെഹ്റു വന്നുവെന്നുള്ളതുകൊണ്ടാണ് റിവർ എന്ന് അർത്ഥം വരുന്ന നെഹ്റുവെന്ന പേരുപോലും ഉണ്ടായിട്ടുള്ളത്. ഞാൻ പറയുന്നത്, ഈ സാധ്യതകൾ മുഴുവൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉപയോഗിച്ച് അറബിക് സർവ്വകലാശാല ഇതോടനുബന്ധിച്ച് രൂപീകരിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മരവിപ്പ് നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഒരു കോളേജ് അദ്ധ്യാപകനാണ്. 2010-നുശേഷം കേരളത്തിലെ കോളേജുകളിലെ അദ്ധ്യാപകരുടെ പ്രൊമോഷന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇന്ത്യയിൽ ആ രീതിയിൽ മുന്നോട്ടുപോകാൻ കഴിയാത്ത ഏക സംസ്ഥാനം കേരളം മാത്രമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 22 കോളേജുകളിലെ അദ്ധ്യാപകരുടെ പോസ്റ്റ് ക്രിയേഷനടക്കമുള്ള

നടപടിക്രമങ്ങൾ പൂർത്തിയാകാതെ നിൽക്കുകയാണ്. കോളേജുകളിൽ കിഫ്ബി വഴി ധാരാളം കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ടാക്കുന്നുവെന്ന് പറയുമ്പോൾതന്നെ അക്കാദമിക സൈഡിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഒന്നുകൂടി പതിയേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മരവിപ്പ് നിൽക്കുന്നുവെന്ന് ഞാൻ പറയുന്നത്, ASAP (Additional Skill Acquisition Programme), WWS (Walk with a Scholar Programme), SSP (School Support Programme) പോലുള്ള പുതിയ സ്കീമുകളും പ്രോഗ്രാമുകളും ഒന്നും കൃത്യമായി സപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നുള്ളതുകൊണ്ടാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള വലിയ പോരായ്മ, ബഹുമാനപ്പെട്ട പി. ഉബൈദുള്ള എം.എൽ.എ. ഇവിടെ അവതരിപ്പിച്ച സബ്മിഷനിൽ പറഞ്ഞതുപോലെ, ഹയർ സെക്കണ്ടറികളിൽ കുട്ടികൾക്കുള്ള പഠനസൗകര്യങ്ങളുടെ കുറവാണ്. അതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് ഡിപ്പാർട്ടുമെന്റ് എഴുതിക്കൊടുത്ത കണക്ക് മാത്രമാണ്. ആ കണക്ക് തെറ്റാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ബോദ്ധ്യപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കുകയാണ്. മലപ്പുറത്ത് ഓപ്പൺ സ്കൂളിന്റെ റീജിയണൽ ഓഫീസ് നിർത്തിയെന്നുള്ള കുറ്റം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയിൽ കാണുന്നുണ്ട്. കഴിഞ്ഞ വർഷം ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത

കുട്ടികളിൽ ഇരുപത്തിയൊന്നായിരത്തിലധികം കുട്ടികളും മലപ്പുറം ജില്ലയിൽനിന്നുള്ളവരാണ്. ഞാൻ മലപ്പുറത്തെ മാത്രം കണക്ക് പറയുകയല്ല. മലപ്പുറത്തുമാത്രം ഇരുപത്തിയൊന്നായിരത്തിലധികം കുട്ടികൾ ഓപ്പൺ സ്കൂളിൽ പോയത് അവിടെ സീറ്റിന്റെ അപര്യാപ്തതയുള്ളതുകൊണ്ടാണ്. അതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ, ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത കണക്ക് തെറ്റാണെന്ന് പറയാനാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്. ഇത് ഉദാഹരണമായി പറഞ്ഞുവെന്നു മാത്രം. മാത്രമല്ല, ഹയർ സെക്കണ്ടറിയിൽ പ്രത്യേകിച്ച് അൺ-എയ്ഡഡ് മേഖലയിലെയും സെൽഫ്-ഫിനാൻസിംഗ് കോളേജുകളെയും നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല, പ്രോത്സാഹിപ്പിക്കരുത്. പക്ഷെ, അതിനുള്ള സൗകര്യം ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ ചെയ്തുകൊടുത്തതിനുശേഷം മാത്രമേ അത് നിരുത്സാഹപ്പെടുത്താവൂ. അങ്ങനെയാണ് അതിനെ നിരുത്സാഹപ്പെടുത്തേണ്ടത്. അതിനുപകരം കോഴ്സുകളിൽ കുട്ടികൾക്ക് പഠിക്കാൻ സൗകര്യമുണ്ടെന്ന് പറയുമ്പോൾ സെൽഫ്-ഫിനാൻസിംഗ് കോളേജുകളിലും അൺ-എയ്ഡഡ് സ്കൂളുകളിലുമുള്ള സൗകര്യങ്ങൾ എടുത്തുകാണിക്കുന്നു. മലപ്പുറത്തും മലബാറിലുമുള്ള കുട്ടികൾ മുഴുവൻ ഫീസ് കൊടുത്ത് പഠിക്കട്ടെയെന്നുള്ള നിലപാടിൽനിന്നും സർക്കാർ പിന്തിരിയണം.

അവിടെ അൺ-എയ്ഡഡ് മേഖലയിലും സെൽഫ്-ഫിനാൻസിംഗ് കോളേജുകളിലുമുള്ള സൗകര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കുട്ടികൾക്ക് സൗകര്യമുണ്ടെന്ന് പറയരുത്. അതാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി, ഞാൻ ഹയർ സെക്കണ്ടറി അദ്ധ്യാപകനാണ്. സി.ഇ. മാർക്ക് നൽകുന്ന ഈ കാലത്ത് കഴിഞ്ഞ വർഷം 30 ശതമാനം സീറ്റ് മാർജിൻ ഇൻക്രീസാണ് ഹയർ സെക്കണ്ടറിക്ക് കൊടുത്തത്. 65 കുട്ടികളെ ഒരു ക്ലാസ്സിൽ എങ്ങനെ പഠിപ്പിക്കുമെന്നത് മാത്രമല്ല, ഓരോ കുട്ടികളെയും പ്രത്യേകം ശ്രദ്ധിച്ച് അവർക്കൊക്കെ സി.ഇ. മാർക്ക് കൊടുക്കുന്നതടക്കം അദ്ധ്യാപകർ ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. എങ്ങനെയാണ് അതിന് കഴിയുകയെന്നത് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. മാർജിനൽ സീറ്റ് ഇൻക്രീസ് കൊടുക്കുന്നതിനുപകരം ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് സ്ഥാപനങ്ങളിലും പുതിയ കോഴ്സുകളും സ്ഥാപനങ്ങളും കൊടുക്കുകയാണ് വേണ്ടത്. അതിനുപകരം ഇതുപോലുള്ള ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്ന രീതി പാടില്ലെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോളേജുകളിലെ സീറ്റിന്റെ കാര്യത്തിൽ മലപ്പുറത്തും മലബാറിലും ഏറെ അപര്യാപ്തത നിലനിൽക്കുന്നു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ അതിന്റെ റേഷ്യോ ഞാൻ പറയാം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നുതന്നെ എടുത്ത കണക്കുകൾ പ്രകാരം

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏറ്റവും കുറവ് സീറ്റുകളുള്ള മേഖല മലബാറാണ്. കാസർഗോഡ് ജില്ലയിൽ പ്ലസ് ടു പാസ്സായ കുട്ടികളുടെ എണ്ണം 11,081 ആണ്. എന്നാൽ അവിടെയുള്ള ഡിഗ്രി സീറ്റുകളുടെ എണ്ണം 1,330 ആണ്. എന്നുപറഞ്ഞാൽ, പാസ്സായ കുട്ടികളിൽനിന്ന് 11.10 ശതമാനം കുട്ടികൾക്ക് മാത്രമേ സീറ്റ് കിട്ടുന്നുള്ളൂ. കണ്ണൂർ ജില്ലയിൽ മൊത്തം പാസ്സായ കുട്ടികളിൽ 16 ശതമാനം കുട്ടികൾക്ക് മാത്രമേ സീറ്റ് കിട്ടുന്നുള്ളൂ. വയനാട്ടിൽ മൊത്തം പാസ്സായ കുട്ടികൾ 7,557 ആണെങ്കിൽ അവിടെയുള്ള സീറ്റ് 1,322 ആണ്. പാസ്സായ 17.49 കുട്ടികൾക്ക് മാത്രമേ ഡിഗ്രിക്ക് സീറ്റ് കിട്ടുന്നുള്ളൂ. കോഴിക്കോട് ജില്ലയിൽ 16.99 ശതമാനം കുട്ടികൾക്ക് സീറ്റ് കിട്ടുന്നു. മലപ്പുറത്ത് കഴിഞ്ഞ വർഷത്തെ പ്ലസ് ടു പാസ്സായ കുട്ടികളുടെ എണ്ണം 43,733 ആണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകളുടെ അപര്യാപ്തതകളെ കുറിച്ചാണ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താനുള്ളൊരു കാര്യം, മൂന്ന് വർഷം മുമ്പാണ് മലപ്പുറത്ത് ഒരു ഗവൺമെന്റ് വിമൻസ് കോളേജ് ആരംഭിച്ചത്. ഇപ്പോൾ ഒരു ബാച്ച് കോഴ്സ് പൂർത്തിയാക്കി പുറത്തുപോയി. പക്ഷേ മൂന്ന് വർഷമായിട്ടും ഈ കോളേജിന് പുതിയ കെട്ടിടമുണ്ടായിട്ടില്ല. കെട്ടിടം

നിർമ്മിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 5 ഏക്കർ സ്ഥലം വിട്ടുകൊടുത്തിരുന്നു. റവന്യൂ വകുപ്പ് ആ സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറാത്തതുകൊണ്ട് ഇതുവരെയും അവിടെ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. കെട്ടിടം നിർമ്മിക്കാനാവശ്യമായ 3 കോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഞാൻ മാറ്റി വച്ചിട്ടുണ്ട്. മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഈ ഗവൺമെന്റ് വിമൻസ് കോളേജിൽ ഇതുവരെയും പ്രിൻസിപ്പലിന്റെയോ അദ്ധ്യാപകരുടെയോ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാനും മലപ്പുറത്തുകാരനാണ്. ബഹുമാനപ്പെട്ട ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ ഒരു വോട്ടർ കൂടിയാണ് ഞാൻ. മലപ്പുറത്തെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണിത്. കുട്ടികൾ മുഴുവൻ കോളേജിൽ പോകുന്നു. അവിടെ കെട്ടിടമില്ല, സൗകര്യമില്ല, അദ്ധ്യാപകരുമില്ല. ഇത് വലിയൊരു വിഷയമാണ്. സർക്കാരിന്റെ, പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ട കാര്യമാണിത്.

മലപ്പുറം ജില്ലയിൽ കഴിഞ്ഞ പ്രാവശ്യം കേരള സിലബസിൽ 43,733 കുട്ടികൾ പ്ലസ് ടു പാസ്സായപ്പോൾ അവിടെ ആകെയുള്ള സീറ്റുകൾ 4,506

എണ്ണം മാത്രമാണ്. അതായത് 10.30 ശതമാനം കുട്ടികൾക്ക് മാത്രമാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠിക്കാൻ സൗകര്യമുള്ളത്. പാലക്കാട് ജില്ലയിൽ 16 ശതമാനം കുട്ടികൾക്കും തൃശ്ശൂർ ജില്ലയിൽ 25 ശതമാനം കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യങ്ങളുണ്ട്. ഇങ്ങനെ തെക്കോട്ട് പോകുന്തോറും സീറ്റുകളുടെ ലഭ്യത കൂടി വരുന്നു. പത്തനംതിട്ട ജില്ലയിൽ എത്തുമ്പോൾ 42.70 ശതമാനം കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠിക്കാൻ സൗകര്യമുണ്ട്. മലപ്പുറത്ത് അത് 10 ശതമാനം മാത്രമാണ്. ഈ വലിയ അന്തരം എന്നാണ് തീർക്കുക? ഇനിയും അവിടെ ആവശ്യത്തിന് കോഴ്സുകളും സൗകര്യങ്ങളുമുണ്ടെന്ന് ദയവായി പറയരുത്. അതുകൊണ്ട് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ... കഴിഞ്ഞ പ്രാവശ്യം യു.ഡി.എഫ്. ഗവൺമെന്റ്...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ടി. വി. ഇബ്രാഹിം, 10 മിനിട്ട് എന്നുപറഞ്ഞത് ഇപ്പോൾ 18 മിനിട്ടായി.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, വിദൂര വിദ്യാഭ്യാസം എന്നത് നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് വലിയ ആശ്രയമായിരുന്നു. ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളല്ല. സാമാന്യ വിദ്യാഭ്യാസ നിലവാരമുള്ള, ആവറേജ് മാർക്ക് വാങ്ങി ജയിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സാധാരണക്കാരുടെ മക്കൾ എന്നും

ആശ്രയിച്ചിരുന്നത് വിദൂര വിദ്യാഭ്യാസ പ്രവർത്തനങ്ങളെയാണ്. എന്നാൽ ഇനി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത വിധം സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ പഠനം നിർത്തിയിരിക്കുകയാണ്. അതിന് അവർ മുന്നോട്ടു വയ്ക്കുന്ന കാരണം, യു.ജി.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായി വിദൂര വിദ്യാഭ്യാസത്തിന് രജിസ്ട്രേഷൻ കൊടുക്കാൻ നിവൃത്തിയില്ല എന്നതാണ്. സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർത്തുന്നതിലൂടെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള അവസരം നഷ്ടമാവുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അങ്ങേയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം വയ്ക്കുവാനുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. സീറ്റിന്റെ അപര്യാപ്തത വരുമ്പോൾ കുട്ടികൾക്ക് പഠിക്കാനുള്ള ഏക ആശ്രയം ഡിസ്റ്റൻസ് എഡ്യൂക്കേഷനാണ്. ഇപ്പോൾ കേരളത്തിലെ ഒരു സർവ്വകലാശാലകളിലും വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ കഴിയാത്ത വിധം യു.ജി.സി.-യുടെ പുതിയ ഗ്രേഡിംഗ് വന്നിരിക്കുകയാണ്. അതുപ്രകാരം 3.26 ഗ്രേഡിംഗിലെത്തിയ സർവ്വകലാശാലകൾക്ക് മാത്രമേ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ കഴിയുകയുള്ളൂ. വിദൂര വിദ്യാഭ്യാസ കോഴ്സുകൾ

നടത്തണമെങ്കിൽ കേരളത്തിലെ സർവ്വകലാശാലകളുടെ ഗ്രേഡിംഗ് ഉയർത്തണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.സി.-മാരുടെ യോഗം വിളിച്ചു ചേർത്തു. സാധാരണ വി.സി.-മാരുടെ യോഗം വിളിച്ചു ചേർക്കുന്നത് ഗവർണ്ണർമാരാണ്. എന്റെ നിർദ്ദേശം, ഈ ഗ്രേഡിംഗിന്റെ കാര്യത്തിൽ യു.ജി.സി. വച്ചിരിക്കുന്ന ലോവർ ലിമിറ്റ് 3.26 ആണെങ്കിൽ കേരളത്തിലെ സർവ്വകലാശാലകളെ ഉൾക്കൊള്ളാൻ പറ്റുന്ന രീതിയിലേയ്ക്ക് അതിന്റെ ഗ്രേഡിംഗ് നില താഴ്ത്തണം. അല്ലെങ്കിൽ സർവ്വകലാശാലയുടെ ഗ്രേഡിംഗ് ഉയർത്തണം. ഇത് രണ്ടുമല്ലെങ്കിൽ 2009-ൽ ഇടതുപക്ഷ ഗവൺമെന്റ് ഉണ്ടായിരുന്ന സമയത്തുതന്നെ കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുക എന്നുള്ള നിർദ്ദേശം ഉണ്ടായിരുന്നു. അതിനുവേണ്ടി സ്പെഷ്യൽ ഓഫീസറെയും വച്ചു. 2010 മുതൽത്തന്നെ തുടങ്ങുമെന്നായിരുന്നു പറഞ്ഞിരുന്നത്. പക്ഷേ തുടങ്ങിയില്ല. ഇപ്പോഴും തുടങ്ങാൻ യാതൊരു നിവൃത്തിയുമില്ല.

ഉന്നത വിദ്യാഭ്യാസ രംഗത്ത് എഞ്ചിനീയറിംഗ് കോഴ്സിന്റെയും മറ്റു കോഴ്സുകളുടെയുമൊക്കെ സാധ്യത മങ്ങിപ്പോയപ്പോൾ തീർച്ചയായും പഴയ കൺവെൻഷണൽ രീതിയിലുള്ള ആർട്സ് ആന്റ് സയൻസ് വിഷയങ്ങളിലേയ്ക്ക് കുട്ടികൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ തിരിച്ചു വരുന്ന

കുട്ടികൾക്ക് പഠിക്കാനാവശ്യമായ ഒരു സൗകര്യവും കേരളത്തിലില്ല. അത് ഉണ്ടാക്കാനുള്ള ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇവിടെ ഏത് ഗവൺമെന്റ് ഭരിച്ചാലും രാഷ്ട്രീയത്തിലും ഭരണകൂടത്തിലും കൂടുതൽ സ്വാധീനമുള്ളവർ കൂടുതൽ കോഴ്സുകളും കോളേജുകളും കൊണ്ടുപോകും. യു.ഡി.എഫ്. ഭരിച്ചപ്പോഴും അങ്ങനെയുണ്ടായിട്ടുണ്ട്. പക്ഷേ കഴിഞ്ഞ പ്രാവശ്യം യു.ഡി.എഫ്. വിപ്ലവകരമായൊരു തീരുമാനമെടുത്തു. കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ കൃത്യമായ മാനദണ്ഡം വച്ചു. ഏത് അസംബ്ലി മണ്ഡലത്തിലാണോ കോളേജ് ഇല്ലാത്തത് അവിടെ ഒരു കോളേജ് കൊടുക്കുന്നു. അത് സത്യത്തിൽ മലബാറിലും കോഴ്സുകൾ ഇല്ലാത്ത സ്ഥലത്തും വലിയ അനുഗ്രഹമായി. ഈ ഗവൺമെന്റ് നാല് കോളേജുകൾ കഴിഞ്ഞ വർഷം തുടങ്ങി. അക്കാര്യത്തിൽ എന്ത് മാനദണ്ഡമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും എടുത്തതെന്ന് ഞങ്ങൾക്കറിയില്ല. കൃത്യമായ മാനദണ്ഡം വേണം. വിജയിച്ച കുട്ടികളുടെയും അതുപോലെത്തന്നെ എൻറോൾമെന്റ് റേഷ്യോയുടെയും കൃത്യമായ അനുപാതം വച്ച് കൃത്യമായ മാനദണ്ഡം ഉപയോഗിച്ചുകൊണ്ട് പുതിയ കോളേജുകളും കോഴ്സുകളും തുടങ്ങണം. അത്തരത്തിൽ പുതിയ കോഴ്സുകളും കോളേജുകളും തുടങ്ങുന്നതിനായി 2006-ൽ യു.ജി.സി. നിശ്ചയിച്ച ത്യാഗരാജൻ കമ്മിറ്റി കൊടുത്ത റിപ്പോർട്ടുപോലും

കേരളത്തിൽ നടപ്പാക്കിയിട്ടില്ല. കേരളത്തിലെ പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കമാണെന്നും അവിടെ അടിയന്തരമായി കോളേജുകളും കോഴ്സുകളും കൊടുക്കണമെന്നുമായിരുന്നു ത്യാഗരാജൻ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്. അതിന് കൃത്യമായ മാനദണ്ഡമുണ്ട്. ബെഞ്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തിയിട്ടാണ് അത് ചെയ്തിരിക്കുന്നത്. ബെഞ്ച് മാർക്ക് പഠന റിപ്പോർട്ടാണത്. ത്യാഗരാജൻ കമ്മിറ്റി കൊടുത്ത ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4 ജില്ലകൾ ഏറ്റവും പിന്നോക്കമാണെന്നും അവിടെ അടിയന്തരമായി മോഡൽ കോളേജുകൾ കൊടുക്കണമെന്നും പറഞ്ഞിരുന്നു. അതുസംബന്ധിച്ച് തുടക്കത്തിൽ ഒരു അന്വേഷണമൊക്കെ നടത്തി എന്നല്ലാതെ മോഡൽ കോളേജുകൾ പോലും കൊടുക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അതുകൊണ്ട് ഇപ്രാവശ്യം പുതിയ കോഴ്സുകളും കോളേജുകളും വേണം. ഇതൊക്കെ കൊടുക്കുമ്പോൾ കൃത്യമായ മാനദണ്ഡങ്ങളും വേണമെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കുവാനുള്ളത്. ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളായതുകൊണ്ട് തീർച്ചയായും ഈ ബില്ലിന്റെ ചർച്ചാ വേളയിൽ ഇവ പറയാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല.

ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരുന്നത് കേരളത്തിലെ ഹയർ

സെക്കണ്ടറി മേഖലയിൽനിന്നാണ്. ഹയർ സെക്കണ്ടറി മേഖല ഇപ്പോഴും അപര്യാപ്തതകളുടെ വലിയൊരു കൂടാരമാണ്. ഈ മേഖലയിലെ എന്ത് പ്രശ്നങ്ങൾ പറഞ്ഞാലും വിദ്യാഭ്യാസ വകുപ്പുമന്ത്രിയായാലും മുഖ്യമന്ത്രിയായാലും പറയുന്നത്, രണ്ടും ഇന്റഗ്രേറ്റ് ചെയ്തതിനുശേഷം എല്ലാ പ്രശ്നങ്ങളും പരിഹരിക്കാമെന്നാണ്. ഇത് സത്യത്തിൽ ലോകം അംഗീകരിച്ച തത്വത്തിന് എതിരാണ്. വികേന്ദ്രീകരിക്കുക ശക്തിപ്പെടുത്തുക, കേന്ദ്രീകരിക്കുക ദുർബലപ്പെടുത്തുക എന്നത് ലോകം അംഗീകരിച്ച തത്വമാണ്. സ്പെഷ്യലൈസേഷന്റെ കാലമാണ്, Decentralization-ന്റെ കാലമാണ്. പക്ഷേ ഇപ്പോൾ ഹയർ സെക്കണ്ടറിയെ കേരളത്തിലെ സെക്കണ്ടറി വിദ്യാഭ്യാസത്തോട് കൂട്ടിക്കെട്ടി അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാമെന്നാണ് പറയുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുപോകുന്നതിനുള്ള കവാടമാണ് ഹയർ സെക്കണ്ടറി മേഖല. ഇത് കെ.എസ്.ടി.എ.-യുടെ റിപ്പോർട്ടാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെ ഒരു ഉപകരണമാക്കിക്കൊണ്ട് മാർക്സിസ്റ്റ് പാർട്ടിയും, എൽ.ഡി.എഫ്.-ഉം, കെ.എസ്.ടി.എ.-യും നടത്തുന്ന ഒരു ഗൂഢതന്ത്രത്തിന്റെ ഭാഗമാണ്. ഹയർ സെക്കണ്ടറി മേഖലയിൽ കെ.എസ്.ടി.എ. എന്ന അദ്ധ്യാപക സംഘടനയ്ക്ക് യാതൊരു വോയിസുമില്ല. കേരളത്തിലെ ഏറ്റവും വലിയ അദ്ധ്യാപക

സംഘടനയാണ് കെ.എസ്.ടി.എ. പക്ഷെ ഹയർ സെക്കണ്ടറി മേഖലയിലേക്ക് വന്നാൽ, കെ.എസ്.ടി.എ.-യ്ക്ക് 10 ശതമാനം അദ്ധ്യാപകരെ പോലും കിട്ടാതായപ്പോൾ സെക്കണ്ടറി മേഖലയിലും പ്രൈമറി മേഖലയിലുമുള്ള അദ്ധ്യാപകരെക്കൂടി കൂട്ടി ഹയർ സെക്കണ്ടറി മേഖലയെ തകർക്കാനുള്ള വലിയ നീക്കമാണിതെന്നുള്ളത് ഈ സഭയിൽ ഞാൻ വളരെ ഉത്തരവാദിത്തത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും നിലവാരമുയർത്തുന്ന മേഖലയാണ് കേരളത്തിലെ ഹയർസെക്കണ്ടറി മേഖല. ആ ഹയർസെക്കണ്ടറി മേഖലയെ, സെക്കണ്ടറി മേഖലയിലേക്ക് കൂട്ടിക്കൊണ്ടുപോയി ഇതിനെ ഒതുക്കരുത്, മാത്രമല്ല ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച കമ്മിറ്റിയാണ് എം. എ. ഖാദർ കമ്മിറ്റി. എം. എ. ഖാദർ കമ്മിറ്റിയുണ്ടാക്കിയതാണ് കെ.എസ്.ടി.എ. റിപ്പോർട്ട്. ആ റിപ്പോർട്ടിൽ ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കെ.എസ്.ടി.എ. റിപ്പോർട്ട് തയ്യാറാക്കിയ കമ്മിറ്റിയിലെ ഒരു അംഗമായിരുന്നു എം. എ. ഖാദർ. അദ്ദേഹത്തെയാണ് വീണ്ടും ഇത് പഠിക്കാൻ നിയോഗിച്ചത്. കെ.എസ്.ടി.എ. കൊടുത്ത റിപ്പോർട്ട് അതുപോലെ കൊണ്ടുവരാനാണ് എം. എ. ഖാദർ കമ്മിറ്റി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിൽ വളരെ വിസ്മയകരമായ, എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന ശിപാർശകളാണുള്ളത്. ഇത് വളരെ പ്രധാനപ്പെട്ട

കാര്യമാണ്. കേരളത്തിലെ ഹയർസെക്കണ്ടറി മേഖലയെ അങ്ങേയറ്റം ബാധിക്കുന്ന വിഷയമായതുകൊണ്ട് ഈ ചർച്ചയിൽ പറയാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. എം.എ. ഖാദർ കമ്മിറ്റി കെ.എസ്.ടി.എ.-യുടെ റിപ്പോർട്ടിൽ, അക്കാദമിക് ഹെഡ്ഡായി ഹയർ സെക്കണ്ടറിയുടെ പ്രിൻസിപ്പലും ഡെപ്യൂട്ടി പ്രിൻസിപ്പലായി സ്കൂളിലെ എച്ച്.എം.-ഉം ആയിരിക്കണമെന്നാണ് പറയുന്നത്. ഈ സ്കൂളിലെ എച്ച്.എം.-ന് ഹയർ സെക്കണ്ടറിയിലെ പ്രിൻസിപ്പലിനെപ്പോലും നിയന്ത്രിക്കാനുള്ള അധികാരമുണ്ട്. ഇങ്ങനെയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടു മേഖലയും ഒന്നാക്കിയാൽ, ഇപ്പോൾത്തന്നെ പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞാണ് ഒന്നാക്കാൻ പോകുന്നത് പിന്നെ അവിടെ അടി തീരുമോ? അടി തീരുകയില്ല. പ്രിൻസിപ്പലിനെ നിയന്ത്രിക്കുന്നത് എച്ച്. എം.-ആണ്. വൈസ് പ്രിൻസിപ്പലിന് ക്ലാസ്സിലും പോകണ്ട പഠിപ്പിക്കുകയും വേണ്ട. അതേസമയം പ്രിൻസിപ്പലിന് 21 പിരീഡ് ക്ലാസ്സിലും പോകണം ഇതിന്റെ ഹെഡ്ഡായി നിൽക്കുകയും വേണം. ഈ പ്രശ്നം പരിഹരിക്കണമെന്ന് പറഞ്ഞ് സപ്പോർട്ടിംഗ് സ്റ്റാഫിനെ കൊടുക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 3 ലൈബ്രേറിയനെയും ഒരു ക്ലാർക്കിനെയും ഒരു അറ്റൻഡറേയും കൊടുക്കാൻ തീരുമാനിച്ചതാണ്. അതുപോലും നടപ്പിലാക്കാതെ ഇതിനൊക്കെയുള്ള ഏക പരിഹാരം ഇതു രണ്ടും കൂടി

ഒന്നാക്കുകയാണ് എന്നുള്ള രീതിയിൽ പറയുന്നു. ഇത് ഒരിക്കലും ഈ സഭാ തലത്തിൽ പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ ബില്ലിന്റെ ചർച്ചയിൽ പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. കേരളത്തിലെ മൊത്തം പത്തുലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളേയും 30,000-ത്തോളം വരുന്ന അദ്ധ്യാപകരേയും ആ വിദ്യാർത്ഥികളുടെ രക്ഷിതാക്കളേയും ബാധിക്കാൻ പോകുന്ന ഒരു വിഷയമെന്ന നിലയ്ക്കാണ് ഞാൻ പറയുന്നത്. ഒരു പൊളിറ്റിക്കൽ ഈഗോ ആയിട്ട് ഇതിനെയൊരിക്കലും എടുക്കരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഈ ഹയർസെക്കണ്ടറി മേഖലയുടെ ആരാച്ചാർ ആകരുത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട്, കെ.എസ്.ടി.എ.-ക്കുവേണ്ടി ഹയർസെക്കണ്ടറി മേഖലയുടെ ആരാച്ചാരായി മാറരുത് എന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറയാനുണ്ട്. ഇപ്രാവശ്യം സ്കൂളുകൾക്ക് യൂണിഫോം നേരിട്ടാണ് കൊടുക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് യൂണിഫോമിനുള്ള കാശായിരുന്നു സ്കൂളുകളിലെ എച്ച്.എം.-മാർക്ക് കൊടുത്തിരുന്നത്. ഇതിലുള്ള വിഷയം, യൂണിഫോം കൊടുക്കുന്നത് ഹാഫ് ട്രൗസറാണ്, ഈ ഹാഫ് ട്രൗസറിന്റെ സംസ്കാരം എങ്ങനെ വന്നുവെന്നറിയില്ല. ഹാഫ് ട്രൗസറിനുള്ള തുണിയാണ് എച്ച്.എം.-

മാർക്ക് കൊടുക്കുന്നത്. കഴിഞ്ഞ പ്രാവശ്യം ഇതിനുള്ള കാശ് കൊടുത്തതുകൊണ്ട് അവരുടെ ഡിസ്ക്രീഷൻ ഉപയോഗിച്ച് അവർക്ക് വാങ്ങാൻ കഴിയുമായിരുന്നു. ആർ.എസ്.എസ്. സംസ്കാരം സ്വാധീനം ചെലുത്തിയോ എന്ന് നമുക്കറിയില്ല, രണ്ട് യൂണിഫോമിനും കൂടി കൊടുക്കുന്ന തുണിയാണ് കുട്ടികൾ ഒറ്റ പാന്റാക്കി മാറ്റുന്നത്. ഒരു സ്കൂളുകളിലും ഇപ്പോൾ ഹാഫ് ട്രൗസറില്ല. അത് രണ്ട് യൂണിഫോമിനായി കൊടുക്കുമ്പോൾ ഒറ്റ പാന്റാക്കി മാറ്റുകയാണ്. ഇത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല, അതുകൊണ്ട് ഞാൻ ഈ ചർച്ചാവേളയിൽ ഇതുകൂടി അവതരിപ്പിച്ചുകൊണ്ട് എന്റെ നിരാകരണപ്രമേയം അവതരിപ്പിക്കുന്നു, ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ചെയർ 10 മിനിട്ടാണ് കൊടുത്തിരുന്നത്, 27 മിനിട്ടെടുത്തു. സംസാരിക്കുന്നവർ 10 മിനിട്ടിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

ശ്രീ. അൻവർ സാദത്തിനുപകരം <u>ശ്രീ. റോജി എം. ജോൺ:</u> സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. അദ്വൈത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ജഗദ്ഗുരു ആദി ശങ്കരാചാര്യരുടെ നാമധേയത്തിൽ അദ്ദേഹത്തിന്റെ ജന്മനാടായ കാലടിയിൽ മുൻമുഖ്യമന്ത്രി കെ. കരുണാകരന്റെ

പ്രത്യേക താൽപ്പര്യപ്രകാരം സ്ഥാപിതമായിട്ടുള്ള സർവ്വകലാശാലയാണ് കാലടി സംസ്കൃത സർവ്വകലാശാല. സംസ്കൃതത്തിന്റെ വിവിധ ശാഖകളെക്കുറിച്ചുള്ള പഠനത്തോടൊപ്പം ഭാരതീയ ഭാഷകളെ സംബന്ധിച്ചും തത്വശാസ്ത്രത്തെ സംബന്ധിച്ചും ഭാരതീയ സംസ്കാരത്തെക്കുറിച്ചുമൊക്കെ നിരവധി ഗവേഷണങ്ങൾ നടക്കുന്ന നമ്മുടെ സംസ്ഥാനത്തിനുതന്നെ അഭിമാനമായിട്ടുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമാണിത്. അതുകൊണ്ടുതന്നെ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച ഒരു ബില്ലായതുകൊണ്ട് ഞാൻ ഈ വിഷയത്തിൽ നിന്ന് വ്യതിചലിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ യൂണിവേഴ്സിറ്റി അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം ഈ യൂണിവേഴ്സിറ്റിയുടെ ആരംഭഘട്ടത്തിൽ അനുവദിക്കപ്പെട്ട, അംഗീകരിക്കപ്പെട്ട ടീച്ചിംഗ് പാറ്റേൺ തസ്തികകളാണ് ഇന്നും നിലനിൽക്കുന്നത് എന്നതാണ്. അതായത് 1994-95 കാലഘട്ടത്തിലുണ്ടായിരുന്ന ടീച്ചിംഗ് പാറ്റേണും സ്റ്റാഫ് പാറ്റേണും നിലനിൽക്കുന്നു. അനദ്ധ്യാപകരുടെ കാര്യത്തിൽ 2004-ൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത്. യൂണിവേഴ്സിറ്റി കഴിഞ്ഞ 25 വർഷം കൊണ്ട് വളരെയധികം വളർന്നിട്ടുണ്ട്. പുതിയ കോഴ്സുകൾക്ക് അവിടെ തുടക്കം കുറിച്ചു, വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. യൂണിവേഴ്സിറ്റി വാർഷിക പരീക്ഷകളിൽ നിന്നു മാറി സെമസ്റ്റർ

സംവിധാനത്തിലേയ്ക്ക് വരികയും ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ ഓരോ 6 മാസം കൂടുമ്പോഴും പരീക്ഷകൾ നടത്തുകയും അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും സർട്ടിഫിക്കറ്റുകൾ കൊടുക്കുകയും ചെയ്യേണ്ട രീതിയിലേക്ക് യൂണിവേഴ്സിറ്റിയുടെ ജോലി ഭാരം വർദ്ധിച്ചിരിക്കുകയാണ്. ഇത്രയൊക്കെ വർദ്ധിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ അപര്യാപ്തത യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ ഗൗരവമായി ബാധിച്ചിരിക്കുകയാണ്. സർവ്വകലാശാലകളിൽ സ്ഥിരം അദ്ധ്യാപകർ ഉണ്ടായിരിക്കണമെന്നാണ് യൂണിവേഴ്സിറ്റി തന്നെ നിഷ്കർഷിക്കുന്നത്. എന്നാൽ ഇന്ന് കാലടി സർവ്വകലാശാലയിൽ 200-ഓളം താല്ക്കാലിക അദ്ധ്യാപകരെ നിയമിച്ചാണ് യൂണിവേഴ്സിറ്റി മുമ്പോട്ട് പോകുന്നത്. ഇത് അദ്ധ്യാപനത്തെയും ഗവേഷണത്തെയും കാര്യമായി ബാധിക്കുകയാണ്. വിദ്യാർത്ഥികൾക്ക് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഗണ്യമായ ഇടിവുണ്ടാക്കാൻ കാരണമാകുന്നു. അദ്ധ്യാപകരെ സംബന്ധിച്ച് അവരുടെ ജോലിയിലുള്ള അനശ്ചിതത്വം നിലനിൽക്കുന്നതുകൊണ്ടുതന്നെ അവർക്ക് അദ്ധ്യാപനത്തിൽ ഫോക്കസ് ചെയ്യാൻ കഴിയുന്നില്ല എന്നുള്ളത് ഒരു അദ്ധ്യാപകൻ കൂടിയായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് തീർച്ചയായും മനസ്സിലാകുമെന്ന് എനിക്കറിയാം. അതുകൊണ്ട് അദ്ധ്യാപകരുടെ

കാര്യത്തിൽ, അതായത് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങളുടേയും പ്രൊപ്പോസലുകളുടേയും അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകേണ്ട സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണം. അതുപോലെത്തന്നെ നോൺടീച്ചിംഗ് സ്റ്റാഫിനെ സംബന്ധിച്ച്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ സർവ്വകലാശാലയിൽ മാത്രം 100 അനദ്ധ്യാപക തസ്തികകൾ സ്ഥിരപ്പെടുത്തുകയുണ്ടായി. കണ്ണൂർ യൂണിവേഴ്സിറ്റിയോട് കാണിച്ച ആ സ്നേഹം കാലടി സംസ്കൃത സർവ്വകലാശാലയോടും കാണിക്കണം. സർക്കാർ അതിന് തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഒരു കാര്യം കൂടി ഞാൻ കൂട്ടിച്ചേർക്കാൻ ആഗ്രഹിക്കുകയാണ്. രണ്ട് അദ്ധ്യാപകരെ മാത്രം വച്ചുകൊണ്ട് പി.ജി. കോഴ്സും അതുപോലെ ഗവേഷണവുമൊക്കെ നടക്കുന്ന ഡിപ്പാർട്ടുമെന്റുകളുണ്ട്. ഇങ്ങനെ ഡിപ്പാർട്ടുമെന്റുകൾ മുമ്പോട്ട് പോയാൽ നമ്മുടെ സംസ്ഥാനത്തുതന്നെ സംസ്കൃത പഠനത്തിനു വേണ്ടി പ്രത്യേകമായി സ്ഥാപിതമായിട്ടുള്ള ഈ സർവ്വകലാശാലയുടെ ഭാവി എന്താകുമെന്ന് നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. പുതിയ വിദ്യാർത്ഥികൾ സംസ്കൃതം പഠിക്കുന്നതിനുവേണ്ടി താല്പര്യമെടുത്ത്

അഡ്മിഷൻ എടുക്കാൻ ഓരോവർഷവും കൂടുതലായി യൂണിവേഴ്സിറ്റിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളെയും യൂണിവേഴ്സിറ്റിയുടെ നടത്തിപ്പും ഗവേഷണവും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ഉയർത്തേണ്ടത് പരിഗണിച്ചുകൊണ്ടുതന്നെ അദ്ധ്യാപകരുടേയും നോൺടീച്ചിംഗ് സ്റ്റാഫിന്റേയും പാറ്റേണിൽ ഗണ്യമായ മാറ്റം വരുത്തിക്കൊണ്ട് യു.ജി.സി. നിഷ്കർഷിക്കുന്ന തരത്തിലുള്ള ഒരു സ്റ്റാഫ് പാറ്റേൺ നടപ്പിൽ വരുത്താൻ ഈ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രണ്ടാമതായി, യൂണിവേഴ്സിറ്റിയുടെ നോൺ പ്ലാൻ ഫണ്ടിൽ വളരെ പരിമിതമായ തുകയാണ് ഇപ്പോൾ യൂണിവേഴ്സിറ്റിക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. വെറും 63 കോടി 44 ലക്ഷം മാത്രമാണ് ഓരോ വർഷവും ഇപ്പോൾ സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്നത്, ഇത് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലൊക്കെ യൂണിവേഴ്സിറ്റി സ്റ്റാഫിന് ശമ്പളം കൊടുക്കുന്നതിനായാലും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പിനായാലും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനൊക്കെയായാലും വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. അതുകൊണ്ടുതന്നെ നോൺപ്ലാൻ ഫണ്ട് വർദ്ധിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട്

യൂണിവേഴ്സിറ്റി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. 76 കോടി രൂപയെങ്കിലും ലഭിച്ചെങ്കിൽ മാത്രമേ ഇത്തരത്തിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം നല്ലരീതിയിൽ മുമ്പോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ആ തുക അനുവദിക്കാൻ സർക്കാർ തയ്യാറാകണം. യൂണിവേഴ്സിറ്റിയുടെ സ്റ്റ്യാറ്റ്യൂട്ട് പ്രകാരം തന്നെ ഓരോ ഡിപ്പാർട്ടുമെന്റിലെയും സീനിയർ മോസ്റ്റായ അദ്ധ്യാപകൻ ആ ഡിപ്പാർട്ടുമെന്റിന്റെ എച്ച്.ഒ.ഡി. ആകണമെന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്. യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരം യൂണിവേഴ്സിറ്റിയിലെ ഓരോ ഡിപ്പാർട്ടുമെന്റിലും സീനിയർ മോസ്റ്റ് ആയിട്ടുള്ള അദ്ധ്യാപകൻ ആ ഡിപ്പാർട്ടുമെന്റിന്റെ ഹെഡ് (H.O.D) ആകണമെന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വിവിധ കോളേജുകളിലായാലും, വിവിധ യൂണിവേഴ്സിറ്റികളെ എടുത്ത് പരിശോധിച്ചാലും ഇതേ മാനദണ്ഡം തന്നെയാണ് എല്ലാ യൂണിവേഴ്സിറ്റികളും ഫോളോ ചെയ്തുകൊണ്ടിരിക്കുന്നത്. സംസ്കൃത സർവ്വകലാശാലയിലും ഇക്കാലമത്രയും അതേ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ ഡിപ്പാർട്ടുമെന്റിലും ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിനെ നിയമിച്ചു കൊണ്ടിരുന്നത്. പക്ഷേ കഴിഞ്ഞ നാളുകളിൽ ഏറ്റവും മുതിർന്ന അദ്ധ്യാപകനെ എച്ച്.ഒ.ഡി. ആക്കുന്ന രീതി മാറ്റിക്കൊണ്ട് റൊട്ടേഷൻ സംവിധാനം കൊണ്ടുവന്നിരിക്കുകയാണ്.

അതുകൊണ്ട് ജൂനിയറായിട്ടുള്ള അദ്ധ്യാപകർ പോലും എച്ച്.ഒ.ഡി. ആയി മാറുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. ഇത് മുതിർന്ന അദ്ധ്യാപകരോടുള്ള അവഹേളനമാണ്, ഇക്കാര്യത്തിൽ സർക്കാർ താത്പര്യമെടുത്തുകൊണ്ട് ഇടപെടൽ നടത്തണം. അതുപോലെ തന്നെ വളരെ പരിതാപകരമായ ഒരു സാഹചര്യം കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത് താത്ക്കാലിക ജീവനക്കാരെ യാതൊരു കാരണവും കൂടാതെ പിരിച്ചു വിട്ടുകൊണ്ടിരിക്കുകയാണ്. ഒരു ഭരണസമിതിയുടെയും കാലഘട്ടത്തിൽ ഉണ്ടായിട്ടില്ലാത്ത നടപടിയാണ് ഇപ്പോൾ സർവ്വകലാശാല സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവിടെ നിരവധി താത്ക്കാലിക ജീവനക്കാർ വർഷങ്ങളായി ജോലിയെടുക്കുന്നുണ്ട്. സർക്കാരുകളും യൂണിവേഴ്സിറ്റി വൈസ്ചാൻസലർമാരും മാറിമാറി വരാറുണ്ട്. അപ്പോൾ യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് പുതിയ ജിവനക്കാരെ നിയമിക്കാറുണ്ട്. ഒരു കാലഘട്ടത്തിലും ഇത്തരത്തിൽ നിയമിച്ച ജീവനക്കാരെ പിരിച്ചു വിടുന്ന സാഹചര്യം യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. പക്ഷേ ഇപ്പോൾ മുമ്പെങ്ങും ഇല്ലാത്ത വിധത്തിൽ താത്ക്കാലിക ജീവനക്കാരെ രാഷ്ട്രീയ താല്പര്യങ്ങൾ വച്ചുകൊണ്ട് അകാരണമായി പിരിച്ചുവിടുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. ഈ നടപടി യൂണിവേഴ്സിറ്റിക്കകത്ത് വലിയ

പ്രതിഷേധത്തിന് ഇടവരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഗൗരവമായിട്ടുള്ള ഇടപെടൽ നടത്തണം. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് സൂപ്പർ ആന്വേഷൻ ബെനിഫിറ്റ് ലഭിക്കുക എന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകർക്ക് അത്തരത്തിലുള്ള ആനുകൂല്യം ലഭിക്കുമ്പോൾ അത് കേരളത്തിലെ മറ്റ് അദ്ധ്യാപകർക്കും, പ്രത്യേകിച്ച് കോളേജുകളിലെ അദ്ധ്യാപകർക്കും ഇതേ രീതിയിലുള്ള ആനുകൂല്യം ലഭിക്കുന്നത് സംബന്ധിച്ച് ഉറപ്പുനൽകാൻ സർക്കാർ തയ്യാറാകണം. സാന്ദർഭികമായി മറ്റൊരു കാര്യം കൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്, ഇന്നത്തെ പത്രത്തിൽ വന്ന ഒരു വാർത്ത ആണ് 'റൂസ (RUSA)' ഫണ്ടുമായി ബന്ധപ്പെട്ടത്. എയ്ഡഡ് കോളേജുകൾക്കും ഈ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാക്കണമെന്ന് സംസ്ഥാന സർക്കാർ തന്നെ ഈ വർഷം കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതി രേഖയിൽ ആവശ്യപ്പെട്ട ഒന്നായിരുന്നു. അത് കേന്ദ്രം അംഗീകരിച്ച് നൽകിയിട്ടുള്ളത് നമ്മളെ സംബന്ധിച്ച് വലിയൊരു കാര്യമാണ്. പ്രത്യേകിച്ച് എയ്ഡഡ് കോളേജുകൾ നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ രംഗത്ത് നടത്തുന്ന പ്രവർത്തനം എടുത്തു പറയേണ്ടതാണ്. രണ്ട് കോടി രൂപയാണ് ഒരു കോളേജിന് ഈ ഫണ്ടിൽ നിന്നും ലഭിക്കുന്നത്. നവീകരണ

പ്രവർത്തനങ്ങൾക്കും, പുസ്തകങ്ങൾ വാങ്ങുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമൊക്കെയാണ് ഈ ഫണ്ട് വിനിയോഗിക്കപ്പെടുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ പല കോളേജുകളും അപേക്ഷ സമർപ്പിക്കുമ്പോൾ അതിന് സാധിക്കാത്ത തരത്തിൽ ചില മാനദണ്ഡങ്ങൾ വച്ചിരിക്കുകയാണ്. നാക് (NAAC) അക്രഡിറ്റേഷനിൽ മൂന്ന് പോയിന്റിൽ കൂടുതൽ കിട്ടിയിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഈ ഫണ്ടിന് അപേക്ഷിക്കുന്ന യോഗ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്പോൾ എല്ലാ കോളേജുകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും നാക് അക്രഡിറ്റേഷനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ അക്രഡിറ്റേഷൻ സ്കോർ ഏറ്റവും ഉന്നതമാക്കുന്നതിനായാണ് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ മൂന്ന് പോയിന്റിന് മുകളിൽ സ്കോർ ലഭിച്ചിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിന് അപേക്ഷിക്കുവാൻ യോഗ്യതയില്ല എന്നുള്ളതാണ് 'റൂസ (RUSA)' ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിൽ സർക്കാർ ഗൗരവമായി ഇടപെടണം. മൂന്ന് പോയിന്റിന് മുകളിൽ സ്കോർ ലഭിച്ച ഒരു വിദ്യാഭ്യാസ സ്ഥാപനം ഉന്നത നിലവാരം പുലർത്തുന്നുവെന്നത് ഒരു കുറവായി കാണാൻ പാടില്ല. അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവരുടെ നിലവാരം നിലനിർത്തുന്നതിനും അത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി അടിസ്ഥാന

സൗകര്യം വർദ്ധിപ്പിക്കാൻ കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. മൂന്ന് പോയിന്റ് ലഭിച്ചു എന്നുള്ളതുകൊണ്ട് അവർക്ക് ഇനിയൊരു ഫണ്ടിന് യോഗ്യതയില്ല എന്ന തരത്തിൽ റൂസ ഫണ്ടുമായി ബന്ധപ്പെട്ടുകൊണ്ട് മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നത് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചെയ്യുന്ന ഒരു നീതികേടാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ ഫണ്ട് ലഭ്യമാകുന്ന നിലയിലുള്ള ഇടപെടൽ നടത്തണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല, ഒരിക്കൽ കൂടി ഇതിനെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, 2018 -ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30/06/2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അടിയന്തിര പ്രാധാന്യമുള്ള സംഗതികളിൽ ഓർഡിനൻസുകൾ കൊണ്ടു വരുന്നതിനും അത് സഭയുടെ പൊതുവായ ചർച്ചയ്ക്ക് വയ്ക്കുന്നതിനും ഈ ഗവൺമെന്റ് തയ്യാറാകുന്നുണ്ട്. എനിക്ക് മുമ്പ് ഒരംഗം സംസാരിച്ചപ്പോൾ ഓർഡിനൻസ് നിരന്തരമായി കൊണ്ടുവരുന്നു എന്നുള്ള ആക്ഷേപം പറയുന്നത്

കേട്ടു. എന്നാൽ ഓർഡിനൻസ് കൊണ്ടു വരിക മാത്രമല്ല, അത് ലാപ്സായിപ്പോകാതെയുള്ള വലിയ ഇടപെടൽ ഈ സഭയുടെ മുമ്പാകെ നല്ല ചർച്ചയ്ക്കുള്ള അവസരങ്ങളും ഗവൺമെന്റ് നൽകുന്നുണ്ട്. കൂടാതെ ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ തവണ, കൃത്യമായി സഭ കൂടി കാര്യങ്ങൾ ചെയ്യുന്ന നിയമനിർമ്മാണസഭ എന്ന ഖ്യാതി ഇന്ന് കേരളത്തിന് അഭിമാനിക്കാവുന്ന തരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ട്. ഇവിടെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയെ സംസ്കൃത ഭാഷാപഠന കേന്ദ്രം എന്ന നിലയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗവേഷകരെ ആകർഷിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ഈ സർവ്വകലാശാലയെ ഉയർത്താൻ കഴിയുന്നതാണ്. കുറേക്കാര്യങ്ങൾ ചെയ്തിട്ടുണ്ട്, ബി.എഡ്. സെന്ററുകളും റീജിയണൽ സെന്ററുകളും ഇവർ തുടങ്ങിയിട്ടുണ്ട്. അത്തരം കാര്യങ്ങളെല്ലാം ന്യായീകരണങ്ങൾക്കുവേണ്ടി പറഞ്ഞാലും മറ്റേത് സർവ്വകലാശാല പോലെയും ഒരു സാധാരണ സർവ്വകലാശാലയുടെ നിലയിലേയ്ക്ക് ഈ സർവ്വകലാശാലയും വരുന്നതായി കാണാം. കേരളത്തിലുള്ള പതിനാല് സർവ്വകലാശാലകളിൽ പത്ത് സർവ്വകലാശാലകളും പ്രത്യേക വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടുന്നതിന് സഹായകരമായ കോഴ്സുകളാണ് നടത്തുന്നത്. ലോകത്തിലെ തന്നെ ആദ്യ ഭാഷകളിലൊന്നായി സംസ്കൃത ഭാഷയെ കാണാവുന്നതാണെന്ന് നേരത്തേ

ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലോകത്തിലെ നിരവധി ഭാഷകളിൽ ആദ്യമുണ്ടായതിലൊന്നാണ് സംസ്കൃതം. ഇന്ത്യയുടെ തന്നെ ഭാഷയായി സംസ്കൃത ഭാഷയ്ക്ക് മാറാവുന്നതായിരുന്നു. എന്നാൽ സംസ്കൃത ഭാഷ വരേണ്യ വർഗ്ഗത്തിന്റെ ഭാഷയാണെന്ന രൂപത്തിൽ മാറ്റിയപ്പോൾ എല്ലാ മനുഷ്യർക്കും ആ ഭാഷ പ്രാപ്യമായില്ല. എല്ലാവർക്കും ആ ഭാഷ പഠിക്കാനുള്ള അവസരം കിട്ടിയില്ല. ഒരു കാലത്ത് പിന്നോക്ക വിഭാഗത്തിനോ അദ്ധ്വാനിക്കുന്നവനോ സംസ്കൃത ഭാഷ കേൾക്കാനോ പഠിക്കാനോ കഴിയുമായിരുന്നില്ല. സംസ്കൃത ഭാഷ കേൾക്കുന്നത് ഒരു പിന്നോക്ക വർഗ്ഗക്കാരനാണെങ്കിൽ, അല്ലെങ്കിൽ അദ്ധ്വാനിക്കുന്ന വിഭാഗമാണെങ്കിൽ അവരുടെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുന്ന ഒരു കാലമുണ്ടായിരുന്നു. അതൊക്കെക്കൊണ്ടുതന്നെ ഒരു പ്രത്യേക വിഭാഗത്തിന്റെ കൈയിൽ ഈ ഭാഷ ഒതുങ്ങിപ്പോയതുകൊണ്ടാണ് ഇന്ത്യയുടെ ഭാഷയായി സംസ്കൃത ഭാഷയ്ക്ക് മാറാൻ കഴിയാതിരുന്നത് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും നല്ല ഭാഷ, ഉപനിഷത്തും ഗീതയടക്കമുള്ള പുരാണഗ്രന്ഥങ്ങൾ സംസ്കൃത ഭാഷയിലാണ് എഴുതിയിരിക്കുന്നത്. അത് എല്ലാവരിലേയ്ക്കും എത്തിക്കാൻ കഴിയുന്ന വിധത്തിൽ, ജനകീയ ഭാഷയാക്കി സംസ്കൃത ഭാഷയെ മാറ്റാൻ നമ്മുടെ യൂണിവേഴ്സിറ്റിയെ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. ഇന്നും

ചാതുർവർണ്ണ്യത്തിന്റെ വക്താക്കൾ നമ്മുടെ നാട്ടിലുണ്ട്. അടുത്ത കാലത്താണ് ഒരു യൂണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥി, തന്റെ ജന്മം പാപമാണെന്ന് പറഞ്ഞ് ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് മരിക്കുന്ന ഒരു സ്ഥിതി വിശേഷം ഇന്ത്യാ മഹാരാജ്യത്ത് നാം കാണുകയുണ്ടായി. എന്നാൽ കേരളത്തിൽ ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ, ഏകദേശം 1937-ൽ യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂർ ഇവിടെ സ്ഥാപിതമായി. ഇന്ത്യയിലെ മറ്റ് പ്രോവിൻഷ്യൽ മേഖലകൾ ഒഴിച്ചാൽ ഏറ്റവും നല്ല യൂണിവേഴ്സിറ്റിയായി, ഇന്ത്യയിലെ പതിനാറാമത്തെ യൂണിവേഴ്സിറ്റിയായി അന്നുതന്നെ യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂർ മാറിയിരുന്നു. നാട്ടുരാജ്യങ്ങളുടെ കാര്യമെടുത്താൽ 600 നാട്ടുരാജ്യങ്ങളിൽ അഞ്ചാം സ്ഥാനവും നമ്മുടെ യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂറിനുണ്ടായിരുന്നു. ഇന്നും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ പലയിടത്തും സ്ത്രീകൾക്കും, ദളിത് വിഭാഗത്തിൽപ്പെട്ടവർക്കും ഉന്നത വിദ്യാഭ്യാസം മാത്രമല്ല, സാധാരണ പ്രൈമറി വിദ്യാഭ്യാസം പോലും സാധ്യമാകാത്ത സ്ഥിതിയുണ്ട്. അപ്പോൾ അവർക്ക് ഉന്നത വിദ്യാഭ്യാസത്തെപ്പറ്റി പറയാൻ പോലും സാധിക്കുന്നില്ല. കേരളത്തിൽ സ്ത്രീകൾക്കും ദളിത് വിഭാഗങ്ങളിൽപ്പെട്ടവർക്കുമെല്ലാം നല്ല രൂപത്തിൽ പഠിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടായത് നമ്മുടെ ഉന്നത വിദ്യാഭ്യാസ

മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ കൊണ്ടു തന്നെയാണ്. മറ്റ് സംസ്ഥാനങ്ങളെ നോക്കുമ്പോൾ നമ്മുടെ യൂണിവേഴ്സിറ്റി മുന്നിലാണെന്ന് പറഞ്ഞാലും ക്വാളിറ്റി ഓഫ് എഡ്യൂക്കേഷന്റെ കാര്യം എനിക്ക് മുൻപ് ശ്രീ. റോജി. എം. ജോൺ സംസാരിക്കുന്നത് ഞാൻ കേട്ടു, ഇവിടെ നമ്മുടെ സർവ്വകലാശാലകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുമ്പോൾ 3.26 എന്ന ശതമാനത്തിൽ നിന്നും ഉയർത്തേണ്ടതായിട്ടുണ്ട്. നമ്മുടെ ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥ് മാഷാണ് ഈ വകുപ്പിന്റെ മന്ത്രി. അദ്ദേഹം തന്നെ കോളേജ് പ്രൊഫസർ എന്ന നിലയിൽ ഒരുപാട് കാര്യങ്ങൾ ഈ മേഖലയിൽ ചെയ്തിട്ടുണ്ട്, ഗവൺമെന്റിന് ഇക്കാര്യത്തിൽ വലിയ താത്പര്യമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയെ പ്രത്യേകമായി സംരക്ഷിക്കാൻ വേണ്ടി അവിടെ എത്രത്തോളം പുരോഗതി കൊണ്ടു വരാമോ അത്രത്തോളം ഗവൺമെന്റ് ഇടപെടുന്നുണ്ട്. അദ്ദേഹത്തിന് ഒരുപാട് മാറ്റങ്ങൾ ഈ മേഖലയിൽ വരുത്താൻ കഴിയും. ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇവിടെ സ്റ്റുഡന്റ്സിനെ ശത്രുക്കളായി പല യൂണിവേഴ്സിറ്റികളും കാണുന്നുണ്ട്. നിരവധി കേസ്സുകൾ നമ്മുടെയടുത്തേയ്ക്ക് വരുന്നുണ്ട്. റീവാല്യുവേഷനാണെങ്കിലും അവർക്ക് ധാരാളം സമയം യൂണിവേഴ്സിറ്റികളുടെ പുറകെ പോകേണ്ടതായിട്ടുണ്ട്.

അതൊക്കെ മാറണം. സ്റ്റുഡന്റ്സിനെ ശത്രുക്കളായി കാണുന്ന നിലപാട് പല യൂണിവേഴ്സിറ്റികളും മാറ്റേണ്ടതുണ്ട്, ഒപ്പം ക്വണ്ടിറ്റി ഓഫ് എഡ്യുക്കേഷനേക്കാളുപരിയായി ക്വാളിറ്റി ഓഫ് എഡ്യൂക്കേഷനെ ഫോക്കസ് ചെയ്യേണ്ടതായിട്ടുമുണ്ടെന്ന് ഈയൊരവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കൂടുതൽ ഗവേഷകരെ ആകർഷിക്കാൻ നമ്മുടെ സംസ്കൃത സർവ്വകലാശാലയ്ക്ക് കഴിയേണ്ടതായിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: യൂണിവേഴ്സിറ്റികളുടെ ഗ്രേഡിംഗുമായി ബന്ധപ്പെട്ട കാര്യത്തിൽ നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിധേയമായ വേണ്ടത്ര പോസ്റ്റുകൾ ഇല്ലായെന്നുള്ളതുകൊണ്ടാണ് പലപ്പോഴും നമ്മുടെ യൂണിവേഴ്സിറ്റികൾ ഗ്രേഡിംഗിൽ പിന്നിലായിപ്പോകുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് തന്നെ നമുക്ക് റൂസ അടക്കമുള്ള ഫണ്ടുകൾ ചെലവഴിക്കാൻ കഴിയുന്നില്ല. വിദൂരവിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ കോഴ്സുകൾ ഓഫർ ചെയ്യാൻ പറ്റാതെ പോകുന്നതും ഈ ഗ്രേഡിംഗിൽ പിന്നിൽ പോകുന്നതുകൊണ്ടാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് യഥാർത്ഥത്തിൽ കേരളത്തിനകത്തോ, ഇന്ത്യയ്ക്കകത്തോ കിട്ടേണ്ട വിദ്യാഭ്യാസം വലിയ വില കൊടുത്ത് നമ്മുടെ രാജ്യത്തിന് പുറത്തു പോയി നാൽപ്പതോ, അമ്പതോ ലക്ഷം രൂപ വരെ

കൊടുത്ത് വിദേശ സർവ്വകലാശാലകൾ ഓഫർ ചെയ്യുന്ന കോഴ്സുകൾ പഠിക്കുന്നതിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടാകുന്ന എന്നുള്ളതുകൊണ്ട് യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി പോസ്റ്റ് ക്രിയേഷൻ നടത്തേണ്ടതുണ്ട്. എൽ. ഡി. എഫ്. ഗവൺമെന്റ് വന്നതിന് ശേഷം ആരോഗ്യ മേഖലയിൽ കുറേയധികം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതുപോലെ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റികളുടെ ഗ്രേഡിംഗ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി പോസ്റ്റുകൾ ഉയർത്തുന്നതിനും യൂണിവേഴ്സിറ്റികളുടെ ഗ്രേഡിംഗ് വർദ്ധിപ്പിക്കുന്നതിനും അടിയന്തരമായി ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം അറിയാൻ താല്പര്യമുണ്ട്.

ഡോ. എൻ. ജയരാജ്: സർ, കോളേജുകൾക്ക് ഓട്ടോണമസ് പദവി കൊടുത്തു. ഞാൻ മനസ്സിലാക്കിയിട്ടുള്ള ഒരു കാര്യം സാധാരണ കോളേജുകളിലേയ്ക്കുള്ള ആപ്ലിക്കേഷൻ ക്ഷണിച്ചുകഴിയുന്നതിന് മുൻപുതന്നെ ഓട്ടോണമസ് കോളേജുകളിലെ അഡ്മിഷൻ ഏതാണ്ട് പൂർത്തികരിക്കുന്ന സ്ഥിതിയാണുള്ളത്. ഇത് ശരിയല്ല. കാരണം, എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്നുള്ള ആശയത്തിന്റെ ഭാഗമാണ്. പക്ഷേ ഓട്ടോണമസ്

കോളേജുകൾക്ക് ഇത്തരം അധികാരം നൽകിയപ്പോൾ ആ ചർച്ചകളിൽ നമ്മളും പങ്കെടുത്ത് സംസാരിച്ചതാണ്. ഇക്കാര്യത്തിൽ കുറച്ചുകൂടി നിയന്ത്രണം ഉണ്ടാകണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വർത്തമാനകാല സമൂഹത്തിൽ ഇന്ന് കാണപ്പെടുന്ന ഒട്ടേറെ അപചയങ്ങളുടെ പ്രധാന കാരണം പലപ്പോഴും വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുന്ന തെറ്റായ പ്രവണതകളാണ്. അതിന്റെ ഒരു ആത്യന്തികമായ ഫലമാണ് പിന്നീട് നമ്മൾ അനുഭവിക്കുന്നത്. ഇവിടെ സർവ്വകലാശാലകളിലെ വിരമിക്കൽ പ്രായവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി വർദ്ധനവ് മാത്രമല്ല, വിദ്യാഭ്യാസം ലക്ഷ്യമാക്കുന്ന ചില ലക്ഷ്യങ്ങളിൽനിന്ന് പലപ്പോഴും പിറകോട്ടുപോകുന്നുവെന്നുള്ളതാണ് നമ്മളെ പഠിപ്പിക്കുന്ന ഒരു കാര്യം. ആ സാമൂഹ്യപ്രശ്നം തിരികെ കൊണ്ടുവരാനുള്ള ബാധ്യതയുണ്ട്. ഒരുപക്ഷേ കേരളം ഇന്ന് നേടിയെടുത്ത നവോത്ഥാന വിശ്വാസങ്ങളും സങ്കൽപ്പങ്ങളുമൊക്കെത്തന്നെ കേരളം ആർജ്ജിച്ച വിദ്യാഭ്യാസത്തിലൂടെ മാത്രം ലഭിച്ചതാണ്. വേറെ ഒരു ഇൻവെസ്റ്റുമെന്റുമല്ല. അതുകൊണ്ടുതന്നെ ഇക്കാര്യങ്ങളിൽ വളരെ ഗൗരവമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുള്ളതാണ്. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണെന്ന് അറിയാനുള്ള ആഗ്രഹമുണ്ട്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് സ്വയംഭരണ കോളേജുകൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകിക്കൊണ്ട് യു.ജി.സി. റെഗുലേഷൻ സർവ്വകലാശാലകളുടെ നിയന്ത്രണം ഇല്ലാതാക്കിയിട്ടുണ്ട്. അത് ഈ കാലഘട്ടത്തിൽ വലിയ പ്രശ്നമായി. സ്വാഭാവികമായും ആ മേഖലയിൽ വലിയ ചർച്ചകൾ നടക്കുന്നുണ്ട്. മികച്ച കോളേജുകൾ എന്നുപറഞ്ഞാൽ പരിശോധനകൾ ഇല്ലാതെതന്നെ സ്വയംപദവി കൊടുത്തതുമൊക്കെ നമ്മൾ കാലങ്ങളായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം നടന്ന ഒരു സെമിനാറിൽ ശ്രീ. പ്രഭാത് പട്നായിക് പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റുതന്നെ 'ഓട്ടോണമസ് റെഗുലേഷൻ സംസ്ഥാനത്തിന്റെ അധികാരം കവരുന്നതാണ് എന്നാണ്. അതായത് യു.ജി.സി.-യുടെ പുതിയ ഓട്ടോണമസ് റെഗുലേഷൻ, ഉന്നത വിദ്യാഭ്യാസത്തിന്റെ കച്ചവടവത്ക്കരണം ശക്തിപ്പെടുത്തുന്നതാണ് എന്നദ്ദേഹം അഭിപ്രായപ്പെട്ടതായി നമ്മൾ വായിച്ചു. അപ്പോൾ ഇതെല്ലാം ചെയ്യാൻ സംസ്ഥാനം ശ്രമിക്കുമ്പോഴും സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന ഉത്തരവുകൾ, അത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തന്നെയാണ്. നമ്മുടെ മുന്നോട്ടുപോക്ക് പലപ്പോഴും സാധ്യമാകുന്നില്ല. ഒട്ടനവധി കാര്യങ്ങളുണ്ട്. ഡോ. യു. ആർ. അനന്തമൂർത്തി ഉൾപ്പെടെയുള്ള വി.സി.മാർ.... നമ്മളെല്ലാവരും അഭിമാനപൂർവ്വം

അവരുടെ പേരുകൾ ഉയർത്തിപ്പറഞ്ഞതാണ്. എന്നാൽ ഇന്ന് വൈസ് ചാൻസലർമാരെപ്പോലും നിയമിക്കുന്നതിന് യോഗ്യതയില്ലാത്തവർ വന്നുവെന്നുള്ള മൂല്യച്ച്യുതിയിലേയ്ക്ക് ഈ കാലഘട്ടത്തിലെ വിദ്യാഭ്യാസമേഖല മാറി. അതിനൊക്കെ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽതന്നെ വലിയ രൂപത്തിൽ ഈ മേഖലയിൽ ഇടപെടാൻ കഴിയുന്ന ഒരവസരമാണ് ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീമതി യു. പ്രതിഭ ഹരി പറഞ്ഞതുപോലെ വൈസ് ചാൻസലർമാരുടെ നിയമനം മുതൽ... ഇതൊരു സംസ്കൃത സർവ്വകലാശാലയുടെ വിഷയമാണ്. സംസ്കൃത സർവ്വകലാശാല എന്നുപറഞ്ഞാൽ എല്ലാ ഭാഷകളുടെയും മാതാവായിട്ടാണ് സംസ്കൃതത്തെ കാണുന്നത്. ഉറുദു, തെലുങ്ക്, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളുടെയെല്ലാം മാതാവാണ്. ഭാരതത്തിന്റെ, ഏഷ്യയുടെതന്നെ സംസ്കാരത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ടുതന്നെ ആ സംസ്കാരം നിലനിർത്തുന്നതിൽ വലിയ പ്രാധാന്യം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്കൃത സർവ്വകലാശാല ഉണ്ടാക്കിയിട്ടുള്ളത്. എല്ലാ ഭാഷകളും പഠിക്കാനും ഭാരതീയ സംസ്കാരത്തിന്റെ അന്തസ്സുൾക്കൊള്ളുന്ന കുട്ടികളെ വാർത്തെടുത്ത് പുറത്തേയ്ക്ക് അയയ്ക്കണമെന്നുള്ള

ലക്ഷ്യത്തോടെയാണ് സംസ്കൃത സർവ്വകലാശാല രൂപീകരിച്ചിട്ടുള്ളത്. ശ്രീമതി യു. പ്രതിഭ ഹരി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. യൂണിവേഴ്സിറ്റി വൈസ്ചാൻസലർ തലയ്ക്ക് വെളിവില്ലാത്തവനാകുന്ന ഒരു സാഹചര്യം കേരളത്തിൽ ഉണ്ടായിരുന്നുവെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തലയ്ക്ക് വെളിവില്ലാത്ത ആൾ യൂണിവേഴ്സിറ്റിയുടെ തലവനായിരിക്കുക, കുട്ടികൾ അകത്തേക്ക് ചെല്ലാതിരിക്കാൻവേണ്ടി ഓഫീസിന്റെ വാതിൽ ഗ്രിൽ ഇട്ട് പൂട്ടുക, തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്ന മാനസിക രോഗികളെയൊക്കെ വൈസ്ചാൻസലർമാരായി നിയമിക്കുന്നതിനോട് അംഗത്തിന് യോജിപ്പുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: ഡോ. യു. ആർ. അനന്തമൂർത്തിയെപ്പോലെയുള്ള വൈസ് ചാൻസലർമാർ നമ്മുടെ നാട്ടിലുണ്ടായിരുന്നു. പിന്നീട് ആ മേഖലയിൽ വന്നിട്ടുള്ള മൂല്യച്യുതിയെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. നമ്മൾ മനുസ്മൃതിയെക്കുറിച്ച് പറയുമ്പോൾ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു, സ്ത്രീകളോടുള്ള ബഹുമാനം വലിയ രൂപത്തിൽ നമ്മുടെ നാട്ടിൽ, സംസ്കൃത ഭാഷയിൽ പല ഭാഗത്തും ചർച്ച ചെയ്യുമ്പോൾ മനുസ്മൃതിയിൽ " ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നുള്ള ഭാഗമാണ് നമ്മൾ കൂടുതലും കേട്ടിട്ടുള്ളത്. ശരിക്കും

ചാതുർവർണ്ണ്യത്തിന്റെ വക്താക്കൾ, അത് ഇന്നും ആർ.എസ്.എസ്., അവരുടെ ഒരു ഭാഷയാണ്, അത് ഞങ്ങളുടെ കയ്യിലിരിക്കേണ്ടതുമാത്രമാണ് സംസ്കൃതം എന്ന രൂപത്തിലുള്ള ഇടപെടൽ നമ്മുടെ നാട്ടിൽ ഇന്നും നടത്തുന്നുണ്ട്. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നുള്ള വലിയ രൂപത്തിലുള്ള പ്രചരണം നേടി. എന്നാൽ ഭാരതത്തിലെ ഒരു സംസ്കാരത്തെ അല്ലെങ്കിൽ ഭാരതത്തിന്റെ മുന്നോട്ടുപോക്കിനെ വലിയ രൂപത്തിൽ സഹായിക്കാൻ കഴിയുന്ന ഉപനിഷത്തുകളിലും ഗീതയിലുമൊക്കെ എഴുതിയിരിക്കുന്നത് എല്ലാവരിലും എത്തിക്കാതിരിക്കാനുള്ള ബോധപൂർവ്വമായ ശ്രമം മുൻകാലം മുതൽതന്നെ സംസ്കൃത ഭാഷയെ തടഞ്ഞുവച്ചുകൊണ്ട് അല്ലെങ്കിൽ എവിടെയെങ്കിലും കേന്ദ്രീകരിച്ചുവച്ചുകൊണ്ട് അതിന്റെ വ്യാപനം തടയാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നിരുന്നു. ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരുപാടുപേർക്ക് തൊഴിൽ നൽകാൻ വേണ്ടിയുള്ള സ്റ്റാർട്ട് അപ് അടക്കമുള്ള കാര്യങ്ങൾ നമ്മുടെ ഗവൺമെന്റ് ചെയ്യുന്നുണ്ട്. എന്നാൽ സർവ്വകലാശാലകളിൽനിന്നും ഇറങ്ങുന്ന കുട്ടികൾ, പെൺകുട്ടികളടക്കം അല്ലെങ്കിൽ പട്ടികജാതി വിഭാഗത്തിലേതുൾപ്പെടെ ഒരു വർഷം നിരവധി കുട്ടികളാണ് കോളേജുകളിൽനിന്നും പുറത്തിറങ്ങുന്നത്. ഇവർക്ക് കൃത്യമായ ദിശാബോധത്തോടുകൂടി, ഗവൺമെന്റിന്റെ പോളിസിയാണ്

സ്റ്റാർട്ട് അപ് തുടങ്ങുകയെന്നുള്ളത്.  ആ കോളേജുകളിൽനിന്നുതന്നെ ഇവരെ ഓരോ പ്രത്യേക മേഖലയിലേക്ക് സ്കിൽഡ് ആയി, ജോലിക്ക് പ്രാപ്തരാക്കുന്ന രൂപത്തിൽ ഇവരെ പുറത്തേയ്ക്ക് വിട്ടുകഴിഞ്ഞാൽ ഗവൺമെന്റിന്റെ നയത്തിനനുസരിച്ചുതന്നെ  കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.  അതുപോലെ ഓപ്പൺ യൂണിവേഴ്സിറ്റി, മറ്റ് സ്ഥലങ്ങളിൽപോയി ഒരുപാട് പണം കൊടുത്ത് കുട്ടികൾ പഠിക്കേണ്ടി വരുമ്പോൾ കേരളത്തിൽ ആ സാധ്യത പരമാവധി ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള വലിയൊരു ഇടപെടൽ തീർച്ചയായിട്ടും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

<u>ശ്രീ. വി. അബ്ദുറഹിമാൻ:</u> സർ, കേരളത്തിൽ വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട് വലിയ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നത്.  പക്ഷേ ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള ചില കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ;  കാരണം സമയബന്ധിതമായും കൃത്യനിഷ്ഠത പാലിച്ചുകൊണ്ടുള്ള ബിരുദാനന്തര കോഴ്സുകളുടെ റിസൾട്ടും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും അതോടൊപ്പംതന്നെ സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള കാര്യങ്ങളിലും ഈ സർക്കാർ കൂടുതൽ ശ്രദ്ധ ഇനിയും പതിപ്പിക്കേണ്ടതുണ്ടോ എന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഇതിനുവേണ്ടിയുള്ള ശക്തമായ ഇടപെടൽ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. സർവ്വകലാശാലകൾക്ക് അക്കാദമിക് പരീക്ഷാ കലണ്ടർ രൂപീകരിക്കാൻവേണ്ടി ഒരു കമ്മിറ്റിയെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു സ്റ്റേറ്റ്മെന്റ് നമ്മുടെയെല്ലാം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി അക്കാദമിക് പരീക്ഷ കലണ്ടർ രൂപീകരിക്കാനും വാർഷിക വെക്കേഷനുകൾക്കുപകരം സ്ലീറ്റ് വെക്കേഷൻ സമ്പ്രദായം നടപ്പാക്കി, പ്രോ. വി.സി.-മാരുടെ കമ്മിറ്റി രൂപീകരിക്കാനും തുടങ്ങിയിട്ടുള്ള പുതിയ സ്റ്റെപ്പിലേയ്ക്ക് നമ്മുടെ ഗവൺമെന്റ്, വിദ്യാഭ്യാസ വകുപ്പ് കൃത്യമായി ഇടപെട്ടുകൊണ്ട് വലിയ മാറ്റങ്ങൾക്കുവേണ്ടി ശ്രമിക്കുന്നുണ്ട്. നമ്മൾ ഇതെല്ലാം പറയുമ്പോഴും തൊഴിലില്ലായ്മ എന്നതൊരു പ്രശ്നമാണ്. ഇന്ത്യയിൽ ഏകദേശം രണ്ടരക്കോടിയിലധികം പേർക്ക് പ്രതിവർഷം ജോലി കൊടുക്കാമെന്ന് പറഞ്ഞാണ് കഴിഞ്ഞ പ്രധാനമന്ത്രി അധികാരത്തിലേറിയതെങ്കിലും ഇന്ന് സ്ഥിരം തൊഴിൽപോലുമില്ലാത്ത ഒരു സംവിധാനത്തിലേയ്ക്ക് നമ്മുടെ രാജ്യം എത്തിച്ചേർന്നിരിക്കുകയാണ്. എന്നാൽ കേരളത്തിൽ വിദ്യാഭ്യാസ മേഖലയിൽ കൂടുതലായി ആളുകൾ, പ്രതിവർഷം വിദ്യാഭ്യാസം നേടി ഇറങ്ങുന്നുണ്ടെങ്കിലും അതിന്റെ ക്വാളിറ്റി വർദ്ധിപ്പിച്ചുകൊണ്ട് അവരെ നന്നായി

ജീവിക്കാൻ അല്ലെങ്കിൽ ഒരു  തൊഴിലിന് പ്രാപ്തരാക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുകൂടി ഈ അവസരത്തിൽ ചർച്ച ചെയ്യാവുന്നതാണ്. അവിടെയാണ് സ്റ്റാർട്ട് അപ്പുകളുടെ പ്രസക്തിയുള്ളത്.  സ്റ്റാർട്ട് അപ്പുകളുടെ കാര്യങ്ങളിൽ  ഈ ഗവൺമെന്റ് നന്നായി  ഇടപെടാൻ ശ്രമിക്കുമ്പോൾ കോളേജുകളിൽനിന്നും ഇറങ്ങുന്ന കുട്ടികൾക്ക് ഒരു ദിശാബോധം കൊടുത്തുകൊണ്ട്  ആ  മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരു ഇടപെടൽകൂടി ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുകയാണ്.  അതുപോലെ യൂണിവേഴ്സിറ്റിയുടെ കാര്യത്തിലേയ്ക്ക് എത്തിയാൽ ഈ യുണിവേഴ്സിറ്റിക്ക് അപാരമായ സാധ്യതയാണുണ്ടായിരുന്നത്.  ഒരുപക്ഷേ കേരളത്തിന് ആ അവസരങ്ങൾ പലപ്പോഴും നഷ്ടമായി എന്ന് നമുക്ക് പറയേണ്ടിവരും.  സംസ്കൃത ഭാഷ ആരുടെയെങ്കിലുമോ അല്ലെങ്കിൽ ഏതെങ്കിലുമൊരു വിഭാഗത്തിന്റേയു മാത്രമല്ലായെന്നും  പഠിക്കാൻ താത്പര്യമുള്ള എല്ലവർക്കും, നേരത്തെ ബഹുമാനപ്പെട്ട അംഗം അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് പറഞ്ഞു.  ഒരു ഭാഷയും ആരുടെയും  സ്വന്തമല്ല.  ഭാഷ പഠിക്കാൻ ആഗ്രഹിക്കുന്ന ആർക്കും ആ ഭാഷ പഠിക്കാൻ  കഴിയുന്ന ഒരു സാഹചര്യം..... പ്രത്യേകിച്ചും ഇന്ന് കേരളം മതേതരത്വത്തിന്റെ ഏറ്റവും വലിയ തുരുത്തായി അല്ലെങ്കിൽ പച്ചത്തുരുത്തായി അല്ലെങ്കിൽ ഇന്ത്യയിലെതന്നെ വലിയ

മതേതരത്വത്തിന്റെ വക്താക്കളായി കേരളത്തിലെ ഭരണം മാറുമ്പോൾ പഴയകാലത്തുണ്ടായിരുന്ന ഇത്തരം ചിന്തകൾക്ക് മാറ്റം വരുത്താൻ ഇത്തരം യൂണിവേഴ്സിറ്റികളെ ഉപയോഗിക്കാവുന്നതാണ്. സംസ്കൃത ഭാഷാപഠനകേന്ദ്രത്തിന്റെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, ഞാൻ ആദ്യവും ഇക്കാര്യം സൂചിപ്പിച്ചു, ഗവേഷകരെ ആകർഷിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ഈ കോളേജിനെ മാറ്റേണ്ടതായിട്ടുണ്ട്. അതുപോലെ ഒരു ക്യാമ്പസ് സർവ്വകലാശാലയാണ്. ആ രൂപത്തിൽ ഗവേഷക കേന്ദ്രമാക്കി നമുക്ക് ഈ സ്ഥാപനത്തെ ഉയർത്താൻ കഴിയും. വ്യാകരണത്തിന്റെയൊക്കെ കാര്യത്തിൽ സംസ്കൃതത്തിന്റെ ഒരു വലിയ പെർഫെക്ഷനുണ്ട്. അതാണ് ഇപ്പോൾ ആർ.എസ്.എസ്.-ന്റെ അല്ലെങ്കിൽ ചാതുർവർണ്ണ്യത്തിന്റെ വക്താക്കളുടെ അല്ലെങ്കിൽ വരേണ്യവർഗ്ഗത്തിന്റേതാണ് എന്നുള്ള രൂപത്തിൽ ഈ ഭാഷയെ കൈകാര്യം ചെയ്യാൻ ഒരു കൂട്ടർ ശ്രമിക്കുമ്പോൾ അതിനെതിരെകൂടിയുള്ള വലിയ ഒരു ക്യാമ്പയിൻ ഏറ്റെടുത്തുകൊണ്ട്...അതിന് ഈ ഭേദഗതി സഹായകരമാണ്. കാരണം ഇതിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഈ ഭേദഗതിയിലൂടെ ഇന്ന് നിലനിൽക്കുന്ന ഒരു പ്രവണത, അതായത് അക്കാദമിക് ഇയറിൽ അദ്ധ്യാപകർ ആദ്യംതന്നെ വിരമിക്കേണ്ടിവരികയാണെങ്കിൽ അത് കുട്ടികൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുകയാണ്. ആ ബുദ്ധിമുട്ട് ഒഴിവാക്കാൻ

വേണ്ടിയുള്ള ഒരു ഇടപെടലാണ് നടത്തിയിരിക്കുന്നത്. അദ്ധ്യയന വർഷത്തിന്റെ തുടക്കമാണ് പെൻഷൻ എങ്കിൽ അത് ആ അദ്ധ്യയനവർഷം തീരുന്ന സമയത്ത് വിരമിക്കാൻ വേണ്ടി അതൊന്ന് ഏകീകരിക്കുന്നുവെന്നുമാത്രമേയുള്ളൂ. മറ്റെല്ലാ യൂണിവേഴ്സിറ്റികളിലേയുംപോലെ ഏകീകരിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. തീർച്ചയായും കുട്ടികൾക്ക് വലിയ സഹായകരമായ രൂപത്തിലായിരിക്കും ഈയൊരു ഭേദഗതി വരുന്നത് എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്കൃത ഭാഷയ്ക്ക് വലിയ പ്രചരണം കൊടുക്കുന്ന കേരളത്തിൽനിന്നുതന്നെ തുടങ്ങട്ടെ അതിന് ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിക്ക് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, 2018-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലേറി രണ്ട് വർഷം പൂർത്തീകരിക്കുമ്പോൾ കേരളത്തിന്റെ സമസ്ത മേഖലകളിലും ഉണ്ടായ ഉണർവ് വളരെ പ്രകടമാണ്. വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്ക് നടപ്പിലാക്കിവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നഗര-ഗ്രാമ

ഭേദമന്യേ കേരള ജനത ഏറ്റെടുത്തുകഴിഞ്ഞിരിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് തകർച്ചയുടെ വക്കിലെത്തിയ പൊതുവിദ്യാഭ്യാസത്തെ ശരിയായ പാതയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടി ഒരു മിഷൻ തന്നെ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുയാണ്. ലോകോത്തര നിലവാരത്തിലുള്ള സൗകര്യങ്ങൾ പൊതുവിദ്യാലയങ്ങൾക്ക് സജ്ജമാക്കിയതോടെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് കിട്ടിയ പുത്തൻ ഉണർവ് കേരളത്തിന്റെ സാമൂഹിക പുരോഗതിക്കും വരുംകാല മാറ്റങ്ങൾക്കും ഏറെ സഹായകരമാകുമെന്നതിന് സംശയമില്ല. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തിക്കഴിഞ്ഞു. വിദ്യാലയങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും എത്തിക്കഴിഞ്ഞു. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാന വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾക്കനുസൃതമായ വ്യതിയാനങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിലും ഉണ്ടാകേണ്ടിയിരിക്കുന്നു. കച്ചവട വിദ്യാഭ്യാസത്തിന്റെ വക്താക്കളായ യു.ഡി.എഫ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സ്വാശ്രയ മുതലാളിമാരുടെ മുന്നിൽ അടിയറവ് വയ്ക്കുകയായിരുന്നു. അവരുടെ കീശ വീർപ്പിക്കുന്നതിനാവശ്യമായ നിയമ

നിർമ്മാണംപോലും നടത്തി. സ്വാശ്രയ മാനേജ്മെന്റുകൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ കടിഞ്ഞാൺ ഏറ്റെടുക്കുന്ന നിലയിലെത്തി. മെഡിക്കൽ സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്ന ദൃശ്യങ്ങൾ മാധ്യമങ്ങളിൽ നിറഞ്ഞു. ജാതിമത വിഭാഗങ്ങൾക്ക് സർവ്വകലാശാലകളുടെ നേതൃസ്ഥാനം വീതംവച്ചു. കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തും ഓരോ സർവ്വകലാശാലകളുടെയും മുഖമുദ്രയായി. യു.ഡി.എഫ്. ഭരണകാലം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശനിദിശയായിരുന്നു. വർദ്ധിച്ചുവരുന്ന വിജ്ഞാനവ്യാപനം കണക്കിലെടുത്ത് സിലബസ്സുകൾ നിരന്തരം പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെ നിലവാരം കണക്കാക്കുന്ന NAAC-ന്റെ എ ഗ്രേഡ് അക്രഡിറ്റേഷൻ നേടുന്ന ക്യാമ്പസ്സുകൾ കേരളത്തിൽ ഗണ്യമായി കുറഞ്ഞുവരികയാണ്. എന്നാൽ തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ പ്രൈവറ്റ് യൂണിവേഴ്സിറ്റി വരെ എ ഗ്രേഡ് അക്രഡിറ്റേഷൻ ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് ഇവിടെയുള്ള സർവ്വകലാശാലകളുടെ പ്ലാനിംഗ്, ക്യാമ്പസ് നവീകരണം, അക്കാദമിക നിലവാരമുയർത്തൽ എന്നിവയുടെ ആത്മാർത്ഥതയുടെ കുറവാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ ലൈബ്രറി, റഫറൻസ് സെന്റർ തുടങ്ങിയവ 24 മണിക്കൂറും പ്രവർത്തിക്കുന്ന തരത്തിലേയ്ക്ക് മാറേണ്ടിയിരിക്കുന്നു.

കേരളത്തിലെ സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി സമഗ്രമായ പദ്ധതികൾക്ക് രൂപം നൽകി അവ നടപ്പിലാക്കുകയും ചെയ്യുന്നത് പ്രതീക്ഷ ഉണർത്തുന്ന കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിവിധ സർവ്വകലാശാലകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും കർമ്മശേഷി വർദ്ധിപ്പിച്ച് ഗൗരവതരമായ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൈരളി ഗവേഷണ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുവൈജ്ഞാനിക കോഴ്സുകൾ ആരംഭിക്കുന്നതുൾപ്പടെ കരിക്കുലം നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ സർവ്വകലാശാലകളിൽ നടന്നുവരികയാണ്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ കുതിച്ചുചാട്ടത്തിന് തന്നെ സഹായിക്കുമെന്നതിന് സംശയമില്ല. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പിന്തിരിപ്പൻ ഫാസിസ്റ്റ് അജണ്ട ഉന്നത വിദ്യാഭ്യാസ മേഖലയെ മലീമസമാക്കുകയാണ്. ഇതിനെതിരായി എല്ലാ ഭാഗത്തുനിന്നും പ്രതിഷേധങ്ങൾ ഉയരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഹിന്ദുത്വം കുത്തിനിറയ്ക്കുന്നതിനും കാവിവൽക്കരിക്കപ്പെടുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുമ്പോൾ നമ്മുടെ രാഷ്ട്രം നൂറ്റാണ്ടുകളായി പിന്തുടരുന്ന മതേതരത്വ മൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് നമ്മുടെ സർവ്വകലാശാലകളെ

മതേതരത്വത്തിന്റെ പ്രതീകങ്ങളായി സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതിനായി ഉറച്ച നിലപാടുകൾ എടുക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് സാധ്യമാകുമെന്നതിൽ സംശയമില്ല. സർവ്വകലാശാലകളുടെ പ്രവർത്തനം സുഗമവും പുരോഗമനാത്മകവുമാക്കുന്നതിന് സർവ്വകലാശാലകളിൽ ജനാധിപത്യ സ്വഭാവത്തോടുകൂടി ഭരണ അക്കാദമിക് സമിതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കാര്യക്ഷമവും സുശക്തവുമായ സർവ്വകലാശാല ഭരണം ഉറപ്പാക്കുന്നതിനുവേണ്ടി അവതരിപ്പിച്ച നിയമഭേദഗതികൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കാൻ പോകുന്ന മാറ്റത്തിന്റെ സൂചനയാണ്. വിവരവിജ്ഞാന മേഖല അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ നിന്നും പ്രതിനിധികൾ സർവ്വകലാശാലയുടെ ഭരണ കൗൺസിലിൽ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Prof. Abid Hussain Thangal (for Shri Manjalamkuzhi Ali): Sir, I move that- " This House resolves to disapprove The Kerala University (Alternate Arrangement Temporarily of Senate and Syndicate) Ordinance, 2018 (Ordinance No.36 of 2018)."

കേരളത്തിലെ വിവിധ  വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം തീരെ അരക്ഷിതാവസ്ഥയിലാണ് എന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നത്. ഗവേഷണവും നടപടിയും ഒരുപോലെ മുന്നോട്ട് പോകണമെന്ന് ആഗ്രഹിക്കുകയാണ് ഉന്നത വിദ്യാഭ്യാസ മേഖല. എന്നാൽ ഗവേഷണത്തിന്റെ ഭാവി കരുപ്പിടിപ്പിക്കേണ്ടുന്ന സർവ്വകലാശാലകൾക്ക്  അതിനുള്ള ശേഷി കൈമോശം വന്ന അവസ്ഥയിലാണ് ഇന്ന് കാണാൻ സാധിക്കുന്നത്. രാഷ്ട്രീയമായി നമുക്ക് അപ്പുറത്തും ഇപ്പുറത്തും നിന്ന് പറയാമെങ്കിലും  ഒരു പ്രൊഫസർ കൂടിയായ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി കേരളത്തിലെ വിദ്യാഭ്യാസ രംഗമെടുത്ത് പരിശോധിച്ചാൽ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ഗുണകരമായ തരത്തിലൂടെയല്ല മുന്നോട്ട് പോകുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ദേശീയ-അന്തർ ദേശീയ മികവുകളുടെ പട്ടികയിൽ നിന്ന് കേരളം പിന്തള്ളപ്പെട്ടുപോയിരിക്കുകയാണെന്ന് നമുക്ക് അറിയാവുന്നതാണ്. പലപ്പോഴും അതിനുള്ള കാരണങ്ങൾ നമ്മൾ ആലോചിക്കുമ്പോൾ സങ്കുചിതമായ രാഷ്ട്രീയ ഇടപെടലുകളുടെ ഭാഗമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അക്കാദമിക തലത്തെയാകെ ഷണ്ഡീകരിച്ച് സർവ്വകലാശാലകളെയാകെ നാശത്തിന്റെ വക്കിലേയ്ക്ക് പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. അക്കാദമിക രംഗം തകരുന്നതോടൊപ്പം

ഭൗതിക സാഹചര്യങ്ങളുടെ നിലവാര തകർച്ചയും ഇല്ലാതായ്മയും നമ്മൾ വളരെ പ്രയാസകരമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള പ്രവർത്തനങ്ങളിൽ മാറ്റങ്ങൾക്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള പരിമിതികൾ പ്രയാസകരമാണ്. എം.എൽ.എ. ഹോസ്റ്റലിൽ താമസിക്കുമ്പോൾ കേരള യൂണിവേഴ്സിറ്റിയിലെ ഒരുപിടി ജീവനക്കാർ എം.എൽ.എ. ഹോസ്റ്റലിലെ ക്യാന്റീനിൽ ഭക്ഷണം കഴിക്കാൻ വരുന്നത് കാണാറുണ്ട്. അവിടെ ക്യാന്റീൻ ഇല്ലാത്തതുകൊണ്ടുമാത്രമല്ല, ജീവനക്കാർക്ക് ആവശ്യമായ സാനിറ്റേഷൻ പോലുമില്ലാത്ത അവസ്ഥാവിശേഷം ഉണ്ടെന്ന് അവർ പലപ്പോഴും പറയാറുണ്ട്. അത്രമാത്രം ഭൗതിക സാഹചര്യങ്ങൾ അവിടെ ഇല്ലാത്ത ഒരു അവസ്ഥ സ്വാഭാവികമായും സംഭവിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക രംഗത്തും ഭൗതിക രംഗത്തും ഉന്നത വിദ്യാഭ്യാസ മേഖല പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന പരിതാപകരമായ അവസ്ഥാവിശേഷമുണ്ട്. ആ അവസ്ഥാവിശേഷം പരിഹരിക്കപ്പെടാനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ നടന്ന അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള തീരുമാനമെടുത്ത

കഴിഞ്ഞു. ആ തീരുമാനങ്ങൾ എടുക്കുമ്പോൾ ബിരുദ - ബിരാദാനന്തര പരീക്ഷകൾ നടത്തുന്ന സ്ഥാപനത്തിനകത്തുള്ള സ്ഥാപനത്തിന് അവിടത്തെ അനദ്ധ്യാപകരുടെ നിയമനത്തിന് കഴിവില്ലെന്ന് സ്വയം സമ്മതിക്കുന്ന തരത്തിൽ പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത് മുന്നോട്ട് പോകുന്ന അവസ്ഥാവിശേഷം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയിൽ സംഭവിച്ച രാഷ്ട്രീയമായ ഇടപെടലുകളുടെ ഭാഗമായി ഉണ്ടായ നിയമനവിവാദങ്ങളുടെ ഭാഗമായാണ് അത്തരം നടപടിയും നിലപാടും സ്വീകരിച്ചതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതോടൊപ്പംതന്നെ യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക ഇടപാടുകൾ ട്രഷറിയിലേയ്ക്ക് മാറ്റി അവരുടെ സ്വയംഭരണത്തെ നശിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ, അങ്ങനെയുള്ള നിലപാടിലൂടെ ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്ന് മനസ്സിലാക്കുമ്പോൾ, സാമ്പത്തികമായ ഒരു നിലപാടിൽനിന്ന് യൂണിവേഴ്സിറ്റി പുറകോട്ടുപോകേണ്ടിവരികയും ഗവൺമെന്റ് തലത്തിലുള്ള, സെക്രട്ടറിമാർ അടക്കമുള്ള ഉദ്യോഗസ്ഥർ നിയന്ത്രിക്കുന്ന ഒരവസ്ഥ വരികയും ചെയ്യുമ്പോൾ യൂണിവേഴ്സിറ്റിയുടെ ഭരണവും ഗവൺമെന്റിന്റെ ചില വകുപ്പുകളുടെ തരത്തിലേയ്ക്ക് ആയിപ്പോകുമോയെന്ന് സംശയിക്കേണ്ട ഒരു അവസ്ഥാവിശേഷം നമ്മുടെ മുമ്പിലുണ്ടാകുകയാണ്. സർവ്വകലാശാലകളിൽ സ്വാഭാവികമായും കരുത്തുള്ളത്

ഇടതുപക്ഷ സംഘടനകൾക്കുതന്നെയാണ് എന്നത് മറച്ചുവയ്ക്കുന്നില്ല. ഒരു കാലത്ത് മികവിന്റെ കേന്ദ്രങ്ങളായിരുന്നു ഇൻഡ്യയിലെ വിവിധ സർവ്വകലാശാലകൾ. അതിലൊന്നാണ് വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും ഉന്നതമായ, ഉയർന്ന നിലവാരം പുലർത്തിയിരുന്ന ബംഗാളിലെ സർവ്വകലാശാലകളെന്ന് നമുക്കറിയാവുന്നതാണ്. ഇന്ന്, ബംഗാളിലെ സർവ്വകലാശാലകൾ മൂന്നാംകിട സർവ്വകലാശാലകളായി മാറിയ ഒരവസ്ഥാ വിശേഷമുണ്ട്. അത്തരത്തിലുള്ള നിലപാടുകൾ പിന്തുടർന്ന് കേരളത്തിലും അങ്ങനെയുള്ള രാഷ്ട്രീയ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ നാളെ കേരളവും അത്തരമൊരു പരിതാപകരമായ അവസ്ഥാ വിശേഷത്തിലേയ്ക്ക് പോകുകയില്ലേ എന്ന് ഞാൻ സംശയിക്കുകയാണ്. അതിന് സാധിക്കുന്ന തരത്തിലുള്ള ഒരു ബിൽ ആയി മാറുമോ അങ്ങ് ഇവിടെ അവതരിപ്പിക്കുന്ന കേരള സർവ്വകലാശാല ബിൽ എന്ന് ഞാൻ സംശയിക്കുകയാണ്. 1937-ൽ ആരംഭിച്ച തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ ചാൻസലർ മൺമറഞ്ഞ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവും വൈസ് ചാൻസലർ ദിവാൻ സി. പി. രാമസ്വാമി അയ്യരുമായിരുന്നു. മഹാകലാശാല ആക്കി മാറ്റാനായിരുന്നു സർ സി.പി. യുടെ ഉദ്ദേശ്യം. എന്റെ അറിവ് ശരിയാണെങ്കിൽ പ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന ആൽബർട്ട് ഐൻസ്റ്റീനെ ഈ

സർവ്വകലാശാലയുടെ വി.സി. ആക്കണമെന്ന് ഉദ്ദേശിച്ചിരുന്നതായി ചരിത്രരേഖകളിൽ വായിക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷെ എന്തുകൊണ്ടോ അദ്ദേഹത്തിന് അതിന് കഴിഞ്ഞില്ല. തിരുവിതാംകൂർ സർവ്വകലാശാലയെ നളന്ദ, തക്ഷശില എന്നീ പുരാതന സർവ്വകലാശാലകളുടെ മാതൃകയിൽ വികസിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. 1957-ൽ കേരള യൂണിവേഴ്സിറ്റി ആക്ട് നിലവിൽ വന്നപ്പോൾ തിരുവിതാംകൂർ യൂണിവേഴ്സിറ്റി കേരള സർവ്വകലാശാലയായി മാറി. അന്ന് കേരള യൂണിവേഴ്സിറ്റിയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിങ്ങനെ മൂന്ന് കാമ്പസുകൾ പ്രവർത്തിച്ചിരുന്നു. 1968-ൽ കോഴിക്കോട് കാമ്പസ് സ്വതന്ത്രമായി കോഴിക്കോട് സർവ്വകലാശാലയായി മാറി. ആ ഒരു തലത്തിൽ നിലനിൽക്കുന്ന സർവ്വകലാശാലകളിൽ അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലൂടെ മാറ്റം വരാൻ പോകുകയാണ്. 1974-ൽ നിലവിൽവന്ന സർവ്വകലാശാല നിയമത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ ഘടനയിൽ മാറ്റം വരുത്താൻ മുൻ സർക്കാരുകളൊന്നും നാളിതുവരെ ശ്രമിച്ചില്ല. ഗവൺമെന്റുകൾ മാറിമാറി വരുമ്പോൾ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും സംസ്ഥാന സർക്കാരുകളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് അതിന്റെ ശരിയായ സ്ട്രക്ചറിൽ മാറ്റം വരുത്താതെ ചില കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുമൊക്കെ നടത്തി തങ്ങൾക്ക് താൽപ്പര്യമുള്ള

ആളുകളെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. അത് സ്വാഭാവികമായും നടന്നുവരുന്ന കാര്യമാണ്. ഇതുവരെ ഒരു ഗവൺമെന്റും യഥാർത്ഥത്തിലുള്ള സ്ട്രക്ചർ തകിടം മറിച്ചുകൊണ്ട് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ മുന്നോട്ടുവന്നിട്ടില്ല. അങ്ങ് വിദ്യാഭ്യാസ മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലാണ് ഈയൊരു നിലപാട് മുന്നോട്ടുവച്ചുകൊണ്ട് ബിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നതെന്നകാര്യം വളരെ ഖേദകരമാണ്. ഇന്ന് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ 21 എണ്ണവും ഗവൺമെന്റ് എയ്ഡഡ് കോളേജുകൾ 46 എണ്ണവും അൺ എയ്ഡഡ് കോളേജുകൾ 158 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. ഈ ആക്ടിനനുസരിച്ച് ലാ കോളേജ് പോലുള്ള പ്രൊഫഷണൽ കോളേജുകളും സ്വാശ്രയ കോളേജുകളും മാനേജ്മെന്റ് കോളേജുകളും ബി.എഡ്., ഫാർമസി, നഴ്സിംഗ്, തുടങ്ങിയ കോളേജുകളുടെ എണ്ണവും മുമ്പത്തേക്കാളേറെ വർദ്ധിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. 2018-ലെ കേരള സർവ്വകലാശാല ബില്ലിലെ 17-ാം വകുപ്പിലെ 11-ാം ഉപവകുപ്പിൽ ഉണ്ടായിരുന്ന മാനേജരുടെ പ്രാതിനിധ്യം നാലിൽ നിന്ന് ഒന്നാക്കി കുറയ്ക്കുകയാണ് അങ്ങ് ഈ ബില്ലിലൂടെ ചെയ്യുന്നത്. ഇത് കേരളത്തിലെ എയ്ഡഡ്/സ്വാശ്രയരംഗത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവർ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ പ്രാതിനിധ്യവും

ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളധികവും എസ്.എൻ.ഡി.പി., എസ്.എൻ. ട്രസ്റ്റ്, എൻ.എസ്.എസ്., ക്രിസ്ത്യൻ സംഘടനകൾ കൂടാതെ വ്യക്തിഗത മാനേജ്മെന്റുകൾ തുടങ്ങിയുവടെ കീഴിലാണ്. അവയുടെയൊക്കെ സംഭാവനകൾ നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഉന്നത വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും സ്വന്തം പ്രയത്നവും പണവും ചെലവഴിച്ചവരെ നാം മറന്നുപോകരുതെന്ന് അഭ്യർത്ഥിക്കുകയാണ്. അവരുടെ അധ്വാനത്തിന്റെ ഫലമാണ് ഇന്ന് കേരളത്തിൽ കാണുന്ന ഉന്നത വിദ്യാഭ്യാസരംഗത്തെ നേട്ടം. അതുകൊണ്ട് മാനേജർമാരുടെ പ്രാതിനിധ്യം 1974-ൽ നിലവിലുണ്ടായിരുന്നതുപോലെ 4 എന്നാക്കി നിലനിർത്തുന്നതായിരിക്കും ഉചിതം എന്ന് അഭിപ്രായപ്പെടുകയാണ്. പ്രൊപ്പോർഷണേറ്റായുള്ള റെപ്രസന്റേഷൻസ് മാറ്റിമറിക്കുകയാണ് അങ്ങ് ഈ ഭേദഗതി വരുത്തുന്നതിലൂടെ ചെയ്യുന്നത്. കോളേജുകൾക്കുള്ള പ്രാതിനിധ്യത്തിനനുസരിച്ച് ഉണ്ടായിരുന്ന മാനേജർമാരുടെ എണ്ണം 4-ൽ നിന്ന് ചുരുക്കി ഒന്ന് ആക്കി മാറ്റുകയാണ്. ഒരു സിസ്റ്റത്തിനുവേണ്ടി അംഗങ്ങളുടെ എണ്ണം കുറയ്ക്കാനാണെങ്കിൽ മറ്റുപല

മേഖലകളിലും കുറയ്ക്കാൻ നമുക്ക് സാധിക്കുമായിരുന്നു. ട്രേഡ് യൂണിയനുകളുടെയും ലോക്കൽ ബോഡിയുടെയും എം.എൽ.എ.-മാരുടെയും ആളുകൾ അംഗങ്ങളായുണ്ട്. ട്രേഡ് യൂണിയനിലെ ആളുകളുടെ എണ്ണം 2-ൽ നിന്ന് ഒന്ന് ആക്കുകയോ അല്ലെങ്കിൽ ലോക്കൽ ബോഡിയിലെ ആളുകളുടെ എണ്ണത്തിൽ കുറവ് വരുത്തുകയോചെയ്ത് മാനേജർമാർക്ക് പ്രാതിനിധ്യം നൽകാമായിരുന്നു. യൂണിവേഴ്സിറ്റിയുമായി ഏറ്റവുമധികം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന, കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഏറ്റവും നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന, അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം, എന്നാലും വിദ്യാഭ്യാസ മേഖലയിൽ ഏറെ സഹായങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന മാനേജർമാർ ട്രേഡ് യൂണിയനിലെയോ ലോക്കൽ ബോഡിയുടെ ആളുകളുടെയോ മുന്നിൽച്ചെന്ന് അവരുടെ അഭിപ്രായം പറയേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകില്ലേ എന്നുഞാൻ സംശയിക്കുകയാണ്. അങ്ങനെവരുമ്പോഴാണ് അങ്ങയെ സംശയിക്കാൻ ഇടവരുന്നത്. ആരെ ഉദ്ദേശിച്ചാണ്, എന്തിനുവേണ്ടിയാണ് അങ്ങ് മാനേജർമാരുടെ എണ്ണം കുറയ്ക്കുന്നത് എന്ന് മനസ്സിലാകുന്നില്ല. ആ ഒരു നിലപാട് ശരിയാണോയെന്ന് അങ്ങ് സ്വയം പരിശോധിക്കണം എന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. മാനേജർമാരുടെ മേഖലകളിൽ

ഉള്ളതുപോലെതന്നെ പ്രിൻസിപ്പാൾ മേഖലയിലും നിലവിലുള്ള അനുപാതം തകർക്കുകയാണ് അങ്ങ് അവതരിപ്പിക്കുന്ന ബില്ലുകളിലൂടെ ചെയ്യുന്നത്. മൂന്ന് ഗവൺമെന്റ് കോളേജുകളിൽനിന്ന് മൂന്നുപേരും എയ്ഡഡ് കോളേജുകളിൽനിന്ന് മൂന്നുപേരും അൺ എയ്ഡഡ് മേഖലയിൽനിന്ന് ഒരാളും എന്നതരത്തിലേയ്ക്ക് അതിന്റെ സ്ട്രക്ചർ മാറ്റുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ട്രക്ചറിൽത്തന്നെ മാറ്റം വരുത്തുമ്പോൾ അവിടെയും ചില സംശയങ്ങൾ ഞങ്ങളെപ്പോലുള്ള ആളുകളുടെ മുമ്പിൽ വരികയാണ്. ആരെ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്, അല്ലെങ്കിൽ ആർക്കുവേണ്ടിയാണ് ഇത് നടത്തുന്നത് എന്ന ഒരു സംശയം സ്വാഭാവികമായും ഉണ്ടാകുകയാണ്. അതോടൊപ്പംതന്നെ അങ്ങ് പറഞ്ഞതിൽ അൺ എയ്ഡഡ് കോളേജുകളിൽനിന്ന് വിജയിച്ച് സെനറ്റിലേയ്ക്കുവരുന്ന ആളുകൾ സിൻഡിക്കേറ്റിലേയ്ക്ക് മത്സരിക്കാൻ പാടില്ല എന്ന വ്യവസ്ഥ കൊണ്ടുവരുമ്പോൾ, എം.എൽ.എ. ആകാം മന്ത്രിയാകാൻ പാടില്ല, അല്ലെങ്കിൽ പഞ്ചായത്ത് മെമ്പറാകാം പഞ്ചായത്ത് പ്രസിഡന്റാകാൻ പാടില്ല എന്നൊക്കെ പറയുന്നതുപോലെ സെനറ്റിലേയ്ക്ക് മത്സരിച്ച് വിജയിച്ചുവരുന്ന അൺ എയ്ഡഡ് മേഖലയിൽനിന്നുള്ള ഒരു പ്രിൻസിപ്പാൾ സിൻഡിക്കേറ്റിലേയ്ക്ക് വരാൻ പാടില്ലെന്ന് പറയുമ്പോൾ അതെന്ത് ഉദ്ദേശിച്ചാണെന്ന് അങ്ങ് ഇവിടെ

വ്യക്തമാക്കേണ്ടതാണ്, അല്ലെങ്കിൽ അത് പരിശോധിക്കപ്പെടേണ്ടതാണ് എന്നുകൂടി പറയുകയാണ്. സർവ്വശ്രീ. ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, റോജി എം. ജോൺ എന്നിവരൊക്കെ വിദ്യാഭ്യാസ മേഖലയിലെ പ്രയാസങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ആ പ്രയാസങ്ങളുടെ കണക്കുകളും കാര്യങ്ങളുമൊന്നും ഞാൻ പറയുന്നില്ല. മലബാർ മേഖലയിലും തിരുവിതാംകൂർ മേഖലയിലുമൊക്കെയുള്ള വ്യത്യാസങ്ങളെക്കുറിച്ചും അതിന്റെ പ്രയാസങ്ങളെക്കുറിച്ചുമൊക്കെ അവർ ഇവിടെ സൂചിപ്പിച്ചു. കേരള സർവ്വകലാശാലയിൽത്തന്നെ കഴിഞ്ഞ വർഷം 78,000 കുട്ടികളാണ് അപേക്ഷിച്ചത്. 78,000 കുട്ടികൾക്ക് 28,000 സീറ്റ് മാത്രമാണുണ്ടായിരുന്നത്. മലബാറിലെ സ്ഥിതിയാണ് പ്രിയപ്പെട്ട ടി. വി. ഇബ്രാഹിം, ശ്രീ. പി. ഉബൈദുള്ള എന്നിവർ ഇവിടെ സൂചിപ്പിച്ചത്. മലബാറിലെ സീറ്റിന്റെ വ്യത്യസ്തതകൾക്കപ്പുറത്ത് കോളേജ് അനുവദിക്കുന്ന കാര്യത്തിലും കോളേജുകൾക്ക് കോഴ്സുകൾ നൽകുന്ന കാര്യത്തിലും, കഴിഞ്ഞ ഗവൺമെന്റ് മലബാറിൽ രണ്ട് കോഴ്സുകൾ നൽകി ഒരുപരിധിവരെ ആ പ്രശ്നം പരിഹരിക്കാനാവശ്യമായ ശ്രമങ്ങൾ നടത്തിയെങ്കിലും ഇന്നും അതിന്റെ പോരായ്മകൾ നിലനിൽക്കുകയാണ്. ആ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നിലപാടുകൾ അങ്ങയുടെ

ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ സന്ദർഭോചിതമായി സൂചിപ്പിക്കുകയാണ്. അതോടൊപ്പംതന്നെ, കഴിഞ്ഞ ജനാധിപത്യ മുന്നണി സർക്കാരാണ് കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ കൊണ്ടുവന്നത്. യു.ജി.സി. ആക്ട് ഓൺ ഓട്ടോണമസ് കോളേജസ് 2018 എന്ന ആക്ട് യു.ജി.സി. പാസ്സാക്കിയിട്ട് വർഷങ്ങൾ കഴിഞ്ഞു. ആ ആക്ട് ഇതുവരെ കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്തിട്ടില്ല എന്നത് ഓട്ടോണമസ് കോളേജുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഓട്ടോണമസ് കോളേജുകളെ ഗവൺമെന്റ് ഉദ്ദേശിച്ച തലത്തിലേയ്ക്ക് അതായത് ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രവർത്തനത്തിന് ഗുണകരമാകുന്ന തരത്തിൽ ആ ആക്ട് കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്യുന്നതിന് അടിയന്തര ഇടപെടലുകൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി പറയുകയാണ്. അതോടൊപ്പംതന്നെ ഓട്ടോണമസ് കോളേജുകൾ പരീക്ഷ നടത്തി ആ പരീക്ഷയുടെ റിസൽറ്റ് യൂണിവേഴ്സിറ്റികളിൽ കൊടുത്ത് യൂണിവേഴ്സിറ്റിയാണ് സർട്ടിഫിക്കറ്റ് കൊടുക്കുന്നത്. ആ സർട്ടിഫിക്കറ്റാണ് കേരളത്തിലെ മറ്റെല്ലാ സർവ്വകലാശാലകളും അംഗീകരിക്കുകയും അതിനനുസരിച്ച് അവർക്ക് അഡ്മിഷൻ കൊടുക്കുകയും ചെയ്യേണ്ടത്. പക്ഷെ കോഴിക്കോട് ജില്ലയിലെ ഫറൂക്ക് കോളേജിൽനിന്നും എം.കോം. പാസ്സായി കാലിക്കട്ട്

യൂണിവേഴ്സിറ്റിയിൽ നിന്നും സർട്ടിഫിക്കറ്റ് കിട്ടിയ ഒരു കുട്ടി കേരള യൂണിവേഴ്സിറ്റിയിൽ എം.ഫിൽ-ന് അപേക്ഷിച്ചിട്ട് അഡ്മിഷൻ കൊടുക്കാൻ കഴിയാത്ത അല്ലെങ്കിൽ അഡ്മിഷൻ നിരാകരിച്ച ഒരു സംഭവമുണ്ടായി. കേരളത്തിൽതന്നെയുള്ള ഒരു ഓട്ടോണമസ് കോളേജിൽ പരീക്ഷ നടത്തി യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് കൊടുത്തിട്ടും ആ സർട്ടിഫിക്കറ്റ് കേരളത്തിൽതന്നെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗീകരിക്കുന്നില്ലായെന്നത് അനുവദിക്കാൻ കഴിയുന്നതാണോയെന്ന് അങ്ങ് പരിശോധിക്കേണ്ടതാണ്. ഓട്ടോണമസ് കോളേജുകൾ വളരെ നേരത്തെ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് കൊടുത്താൽ മറ്റ് സംസ്ഥാനങ്ങളിൽ കുട്ടികൾക്ക് അഡ്മിഷനെടുക്കാനാവശ്യമായ സമയവും സൗകര്യങ്ങളുമൊക്കെ ലഭിക്കുന്നുണ്ട്. ആ സൗകര്യങ്ങളെ നിരാകരിക്കുന്ന തരത്തിൽ, അതിന്റെയൊരു ഗുണവും കുട്ടികൾക്ക് ലഭിക്കാത്ത തരത്തിൽ കേരളത്തിലെ ഓട്ടോണമസ് കോളേജുകളിൽനിന്ന് പരീക്ഷ പാസ്സായി മാർക്ക് ലിസ്റ്റ് കൊടുത്താൽ യൂണിവേഴ്സിറ്റികൾ സർട്ടിഫിക്കറ്റ് കൊടുക്കാത്ത അവസ്ഥാവിശേഷവും കേരളത്തിൽ നിലനിൽക്കുകയാണ്. അത് പരിഹരിക്കാനാവശ്യമായ നടപടികൾകൂടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലതന്നെ ശ്രീ. ടി. വി. ഇബ്രാഹിം

സൂചിപ്പിച്ചതുപോലെ എയ്ഡഡ് മേഖലകളിൽ കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ച ഗവൺമെന്റ് കോളേജുകളിലെ അധ്യാപകർക്ക് ആവശ്യമായ അംഗീകാരം നൽകാത്ത പ്രയാസങ്ങൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കാനും 2016-ൽ അദ്ധ്യാപകർക്ക് ലഭിക്കേണ്ടിയിരുന്ന യു.ജി.സി.യുടെ ശമ്പളം നൽകാനുമാവശ്യമായ നടപടികൾ ഇതുവരെ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആ നടപടികൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്നനുഭവിക്കുന്ന ഈ പ്രയാസങ്ങളെ ഒഴിവാക്കിക്കൊണ്ട്, അമിതമായ രാഷ്ട്രീയവൽക്കരണം ഒഴിവാക്കിക്കൊണ്ട് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ അതിന്റെ യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ ശ്രമം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ ബില്ലിൽ വന്നിരിക്കുന്ന അപാകതകളെ, മാനേജർമാരുടെ എണ്ണം നാലിൽനിന്ന് ഒന്നാക്കി ചുരുക്കിയതും പ്രിൻസിപ്പൽമാരുടെ ഭാഗത്തുണ്ടാക്കിയ മാറ്റവും നിലവിലുണ്ടായിരുന്ന വ്യവസ്ഥിതികൾക്കനുസരിച്ച്, കേരളത്തിലെ കാലിക്കട്ട് യൂണിവേഴ്സിറ്റിയിലോ കണ്ണൂർ യൂണിവേഴ്സിറ്റിയിലോ മറ്റൊരു യൂണിവേഴ്സിറ്റിയിലുമില്ലാത്തൊരു പരിഷ്കരണമാണ് അതിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതെന്തുദ്ദേശിച്ചാണെന്ന് അറിയില്ല. ആ ഒരു

തലത്തിൽ അങ്ങനെയൊരു മാറ്റം ഉണ്ടാകുന്നത് കേരളത്തിലെ വിദ്യാഭ്യാസരംഗത്തുള്ളവർ അനുഭവിക്കുന്ന പ്രയാസങ്ങളെ ദൂരീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് അതിനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. മൂന്നാമത്തെ ഓർഡിനൻസാണ് ഈ ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് ഇവിടെ പുറപ്പെടുവിച്ചിരിക്കുന്നത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ഓർഡിനൻസ് ഭരണമാണ് ഈ സംസ്ഥാനത്ത് നടക്കുന്നതെന്ന് ആക്ഷേപിച്ചവരാണ് ഒരു വിഷയത്തിൽ മൂന്നാമത്തെ ഓർഡിനൻസ് ഇറക്കിയതെന്നത് ഇത്തരുണത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബില്ലിൽ ഇന്ന് നമ്മൾ കാണുന്ന കേരള സർവ്വകലാശാല നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങളുണ്ട്. അത്തരത്തിലുള്ള ഏതെങ്കിലും വിഷയത്തെ പ്രോപ്പറായി അഡ്രസ്സ് ചെയ്യാൻ കഴിയുന്ന എന്തെങ്കിലും ഈ ബില്ലിലുണ്ടോയെന്ന സ്വയം പരിശോധന ഗവൺമെന്റ് നടത്തേണ്ടതുണ്ട്. പൂർണ്ണമായും സിൻഡിക്കേറ്റടക്കം ഇടതുപക്ഷത്തിന്റെ അധീനതയിൽ കൊണ്ടുവരാൻ വേണ്ടിയുള്ള ഭേദഗതികളായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. അതുകൊണ്ടാണ്

ബഹുമാനപ്പെട്ട പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ ദുരുദ്ദേശ്യങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ ഇന്ന് ഉയർന്നുവരുന്നത്. ഇത് ചില താല്പര്യങ്ങൾ മുൻനിർത്തി കൊണ്ടുവന്നിട്ടുള്ള ഭേദഗതികളാണെന്ന് സ്വാഭാവികമായി ഞങ്ങൾ പറയുന്നതും അതിന്റെ അടിസ്ഥാനത്തിലാണ്. ചില വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യമില്ല, മറ്റ് ചിലർക്ക് അമിതമായി പ്രാതിനിധ്യം ലഭിക്കുകയും ചെയ്യുന്നുവെന്നത് അങ്ങയുടെ സ്റ്റേറ്റ്മെന്റിൽ അങ്ങ് പറഞ്ഞിട്ടുണ്ട്. ഇവിടെ സ്വകാര്യ കോളേജ് മാനേജർമാർക്കും പ്രിൻസിപ്പൽമാർക്കുമാണ് അധിക പ്രാതിനിധ്യമെന്ന നിലയിലാണ് അങ്ങ് കണക്കാക്കിയിരിക്കുന്നത്. ബാക്കിവന്നിരിക്കുന്ന ഒരു ഇലക്ടഡ് മെമ്പേഴ്സിന്റെയും എണ്ണം കുറയ്ക്കാൻ ഈ ഭേദഗതിയിൽ ശിപാർശ ചെയ്തതായി കാണുന്നില്ല. ഈ രണ്ട് വിഭാഗങ്ങളിൽ മാത്രം മാറ്റങ്ങൾ വരുത്തിക്കൊണ്ട് മുമ്പോട്ട് പോകുമ്പോഴാണ് ഒരു താല്പര്യം ഗവൺമെന്റിനെ സംബന്ധിച്ചുണ്ടെന്നത് സ്വാഭാവികമായും ഇവിടെ ഉയരുന്നത്. ഇവർക്ക് പ്രാതിനിധ്യം നൽകുന്നതുകൊണ്ട് എന്ത് സാങ്കേതിക നിയമപ്രശ്നങ്ങളുണ്ടാകുന്നുവെന്നും ഇതിന്റെ എണ്ണം കുറയ്ക്കുന്നതിന്റെ അടിസ്ഥാനമെന്താണെന്നും അങ്ങ് വ്യക്തമാക്കണമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ആനുപാതികമായൊരു റെപ്രസെന്റേഷൻ

തീർച്ചയായും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇതിവിടെ വരുന്നില്ലെന്നത് പ്രസ്താവ്യമായൊരു വിഷയമാണ്. സിൻഡിക്കേറ്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പടക്കം കോടതി സ്റ്റേ ചെയ്തിരിക്കുന്നൊരു പശ്ചാലത്തിലാണ് മതിയായ പ്രാതിനിധ്യ സ്വഭാവമില്ലാത്തൊരു ബില്ലുമായി അങ്ങ് വരുന്നത്. സ്വാഭാവികമായും ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാനുള്ള എല്ലാ സാഹചര്യങ്ങളും ഇന്ന് മുന്നോട്ട് വരികയാണ്. തീർച്ചയായും വീണ്ടുമൊരു നിയമയുദ്ധത്തിലേയ്ക്ക് ഇത് എത്തിച്ചേരാൻ പോകുന്നുവെന്നത് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എത്രമാത്രം വിഷയങ്ങൾ ഈയൊരു ബില്ലുമായി ബന്ധപ്പെട്ട് വരുന്നു. അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നു, ചില മാറ്റങ്ങൾ കൊണ്ടുവരുന്നു. പക്ഷെ അടിസ്ഥാനപരമായി ഇന്ന് നമ്മുടെ യൂണിവേഴ്സിറ്റികൾ നേരിടുന്ന പ്രധാനപ്പെട്ട അനവധി പ്രശ്നങ്ങളുണ്ട്. ഇവിടെ നേരത്തെ സംസാരിച്ച ഭരണപക്ഷ അംഗങ്ങൾപോലും അക്കാര്യങ്ങൾ ചൂണ്ടിക്കാട്ടുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏതൊക്കെ തലത്തിൽ മാറ്റം കൊണ്ടുവരണമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതല്ലേ. ഏറ്റവും പ്രസക്തമായൊരു വിഷയമായി ഇന്നത് മാറിക്കൊണ്ടിരിക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയുടെ കാര്യത്തിലേയ്ക്ക് വരുമ്പോൾതന്നെ അങ്ങേയ്ക്കറിയാം, അവിടത്തെ വൈസ് ചാൻസലർ, പ്രൊ. വി.സി, രജിസ്ട്രാർ, എഫ്.ഒ തുടങ്ങിയ തസ്തികകളെല്ലാം ദീർഘകാലമായി

ഒഴിഞ്ഞുകിടന്ന സന്ദർഭം ഉണ്ടായിയെന്നത് വിസ്മരിക്കാൻ കഴിയുന്ന ഒന്നല്ല. സെലക്ഷൻ ബോർഡ് നിയോഗിച്ച് അതിന്റെ കാലാവധി കഴിഞ്ഞിട്ടും വീണ്ടും പുനഃക്രമീകരിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്. വി.സി.യെ നിയോഗിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. അവിടെ കൺട്രോളർ ഓഫ് എക്സാമിനേഷനുണ്ട്. സ്റ്റാറ്റ്യൂട്ടറി പോസ്റ്റുകളിൽ ഒന്നവിടെയുണ്ട്. പക്ഷെ അവിടത്തെ പരീക്ഷകളുടെ നടത്തിപ്പ്, പരീക്ഷകളുടെ സാഹചര്യങ്ങൾ എവിടെയാണ് നിൽക്കുന്നത്, യഥാസമയം പരീക്ഷകൾ നടക്കുന്നുണ്ടോ, മൂല്യനിർണ്ണയം കൃത്യമായ നിലയിലാണോ, അതിന്റെ റിസൾട്ടുകൾ പ്രസിദ്ധീകരിക്കാൻ കഴിയുന്നുണ്ടോ; ഈ കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നുണ്ടോ; കേരളത്തിന്റെ മുഖ്യമന്ത്രി കഴിഞ്ഞദിവസം യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി റിസൾട്ടുകൾ പ്രസിദ്ധീകരിക്കണമെന്ന് പറയേണ്ട സാഹചര്യത്തിലേയ്ക്കെത്തി എന്നുള്ളത് ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു വർഷംവരെ റിസൾട്ടുകൾക്കായി കാത്തിരിക്കുന്ന സാഹചര്യമാണുള്ളത്. സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേഷൻ പരിപൂർണ്ണമായും തകർന്നിരിക്കുന്നു എന്നുവേണം ഇതിൽനിന്നും മനസ്സിലാക്കാൻ. ഇവിടെ മൂല്യനിർണ്ണയം അനന്തമായി നീണ്ടുപോകുകയാണ്. അദ്ധ്യാപകർ സഹകരിക്കാത്ത

സാഹചര്യങ്ങളുണ്ട്. അവരുടെ വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിലുണ്ടാകും. അവരേയുംകൂടെ വിശ്വാസത്തിലെടുത്ത് മുമ്പോട്ട് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ ഏറ്റവും പാരമ്പര്യമുള്ള സർവ്വകലാശാലകളിലൊന്നായ കേരള സർവ്വകലാശാലയിലെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും ഇന്ന് വിവാദങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റിയിൽനിന്ന് കേൾക്കുന്നത് അക്കാഡമിക് എക്സലൻസിനെക്കുറിച്ചുള്ള ചർച്ചകളല്ല, മറിച്ച് വിവാദങ്ങളും വെട്ടിനിരത്തലുകളും പ്രതികാര നടപടികളെക്കുറിച്ചുള്ള വാർത്തകളുമാണ് പലപ്പോഴും പുറത്തുവരുന്നത്. ഒരു ഏകോപനമില്ലാത്തതിനാൽ പല കാര്യങ്ങളും രൂപീകരിക്കാൻ കഴിയാതെ പോകുന്നുവെന്നതും അതുവഴി അക്കാഡമിക് എക്സലൻസ് തന്നെ ഇല്ലാതായിപ്പോകുന്നൊരു സാഹചര്യവും ഇന്നവിടെ സംജാതമായിരിക്കുകയാണ്. സ്വതന്ത്രസ്വഭാവത്തോടെ യൂണിവേഴ്സിറ്റികൾ പോകണം. പക്ഷെ ആ സ്വതന്ത്ര സ്വഭാവം എത്രവരെ പോകണം; അതിന്റെ പരിധിയെന്താകണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പല കാലഘട്ടങ്ങളിലായി അനവധി ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ട്. ഓരോ സന്ദർഭങ്ങളിൽ ഓരോ വിഷയങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷെ ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങളിൽ, ഉദാഹരണത്തിന് ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട

ഒന്നാണ് പരീക്ഷാ റിസൾട്ട്. അക്കാര്യത്തിൽ അനന്തമായ കാത്തിരിപ്പ് വരുന്നുവെന്നു പറയുന്നത് ഏറ്റവും ഗുരുതരമായൊരു സാഹചര്യം ഇവിടെയുണ്ടാക്കിയെന്നതല്ലേ. ഉന്നത വിദ്യാഭ്യാസരംഗത്തെ നിലവാരം ഇനിയും ഉയർത്തേണ്ടതായിട്ടുണ്ട്. നമ്മുടെ ഏറ്റവും വലിയ സമ്പത്ത് എന്നുപറയുന്നത് നമ്മുടെ യുവജനങ്ങളാണെങ്കിൽ ആ വിദ്യാർത്ഥികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകുകയെന്നതാണ് നമ്മൾ ലക്ഷ്യം വച്ചിരിക്കുന്നത്. അങ്ങനെ വിദ്യാഭ്യാസം നൽകി അവരെ മുമ്പോട്ട് കൊണ്ടുവരുമ്പോൾ അവരുടെ കഴിവുകൾകൂടി ഇവിടെ വിനിയോഗിക്കാനുള്ള നടപടികൾ ഇപ്പോൾ നമ്മൾ സ്വീകരിക്കുകയാണ്. അവസരങ്ങൾ വരണം. അതിനായി കൂടുതൽ നിക്ഷേപങ്ങൾ എത്തിക്കാൻ കഴിയണം. കഴിഞ്ഞ ഒന്നര രണ്ട് ദശാബ്ദങ്ങൾക്കിടയ്ക്ക് ഇത്തരത്തിൽ ലക്ഷ്യം വച്ചുകൊണ്ടുള്ള ധാരാളം പദ്ധതികൾ മാറിമാറിവന്ന ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. കുറെയൊക്കെ അതിൽ വിജയിക്കാനും കഴിഞ്ഞിട്ടുണ്ട്. അവസരങ്ങൾ സൃഷ്ടിക്കാനുള്ള നെട്ടോട്ടം നടത്തുമ്പോൾ രാഷ്ട്രീയത്തിനതീതമായി ഒരുപാട് പരിശ്രമം നടത്തുമ്പോഴാണ് ഇന്ന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ, നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഇത്തരത്തിലുള്ള അരക്ഷിതാവസ്ഥ സംജാതമായിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ ആധുനിക വികസന

പരിണാമങ്ങൾക്കൊപ്പം എത്തുന്നതിന് മറ്റ് സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തി നിലവാരമുയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയണം. പക്ഷെ ഇവിടെ സംഭവിക്കുന്നത് നിലവാരത്തകർച്ചയാണ്. കുട്ടികളുടെ ഭാവിതന്നെ അനിശ്ചിതത്വത്തിലാക്കുന്ന തരത്തിലുള്ള ശീതയുദ്ധങ്ങളാണ്. ഈ ബിൽ പാസ്സാകുന്നതോടുകൂടി ഒരു ജനാധിപത്യ ധ്വംസനവുംകൂടി ആ മേഖലയിൽ ഉണ്ടാകുന്നുവെന്നത് പറയേണ്ടതുണ്ട്. നിയമ പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകും. അവരുടെ മാർക്കിനെ സംബന്ധിച്ച് വളരെയേറെ ആക്ഷേപങ്ങൾ ഉയർന്നു വരികയും കോടതി ഇടപെടലിലൂടെ പുനർമൂല്യനിർണ്ണയം നടത്തി അവർക്ക് കൂടുതൽ മാർക്ക് ലഭിക്കുകയും ചെയ്തു. എന്നാൽ അവർക്ക് നഷ്ടപ്പെട്ടുപോയ സമയത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുന്നത് ഗവൺമെന്റിന്റെകൂടി ഉത്തരവാദിത്വമാണെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പരിശോധനകളെ സംബന്ധിച്ചും അനദ്ധ്യാപക നിയമനങ്ങളെ സംബന്ധിച്ചും ധാരാളം ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. വിവാദങ്ങളുടെ ഈറ്റില്ലമായി സർവ്വകലാശാല മാറുന്നത് ഏറെ വേദനാജനകമായ ഒന്നാണ്. ഞാൻ ആദ്യമേ പറഞ്ഞതുപോലെ അക്കാദമിക് എക്സലൻസിൽ നിന്ന് വ്യതിചലിച്ചുപോകാനുള്ള

പ്രധാന കാരണം യൂണിയനുകളുടെ അതിപ്രസരം തന്നെയാണ്. നിയന്ത്രണം അത്തരത്തിലുള്ള മേഖലകളിലേയ്ക്ക് നീങ്ങുന്നുവെന്നതാണ് അവിടുത്തെ പ്രധാന പ്രശ്നങ്ങളിലൊന്നായി കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ഇതിനോട് ചേർത്ത് വായിക്കേണ്ട ഒന്നാണ് ഭൗതിക സാഹചര്യങ്ങളുടെ അഭാവം അവിടെയുണ്ടാകുന്നുവെന്നത്. യൂണിവേഴ്സിറ്റികളിൽ ഭൗതിക സാഹചര്യം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയും ഒരു സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ എങ്ങനെ കഴിയും എന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കേരളാ യൂണിവേഴ്സിറ്റിയിൽ തന്നെയുള്ള റിസർച്ച് വിദ്യാർത്ഥികളിൽ, ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും ജേണലിസം വിദ്യാർത്ഥികൾക്കും തീസിസ് സബ്മിറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യം അവിടെ ഉടലെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള അനവധി പ്രശ്നങ്ങൾ ആ സർവ്വകലാശാലയിൽ കാണാൻ കഴിയും. അത്തരം വിഷയങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ഇപ്പോൾ വിവര സാങ്കേതിക വിദ്യാഭ്യാസ രംഗത്തു നിന്നും ഒരാളെ നിയമിക്കാൻ 5-ാം ഉപവകുപ്പുകൂടി എഴുതിച്ചേർത്തിട്ടുണ്ട്. ഞാൻ ആദ്യമേ പറഞ്ഞതുപോലെ, വിവര സാങ്കേതിക രംഗത്ത് നമുക്ക് ഇനിയും മുന്നേറാൻ കഴിയണം. അടിസ്ഥാനപരമായ അനവധി പ്രശ്നങ്ങൾ അഡ്രസ് ചെയ്യാൻ

കഴിയാതെ ഇത്തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകില്ല. ഇത് ഇവിടെ മാത്രം പരിമിതപ്പെടുത്തി നിർത്താൻ കഴിയില്ല. മറ്റ് യൂണിവേഴ്സിറ്റികളിൽ നോക്കുമ്പോഴും ഇതുപോലുള്ള നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും എം.ജി. യൂണിവേഴ്സിറ്റിയിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. വളരെ പ്രതീക്ഷയോടെ നമ്മൾ കൊണ്ടുവന്ന കെ.ടി.യു. ശൈശവ ദിശയിൽ തന്നെ കാലിടറി പോകുകയാണോയെന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. ആദ്യത്തെ ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹചര്യം വന്നു. ആറ് മാസത്തെ വാലിഡിറ്റിയുള്ള പ്രൊഫഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് മാത്രമാണ് അവർക്ക് ലഭിച്ചത്. അതുപയോഗിച്ച് തുടർപഠനം നടത്താനോ ഇന്റർവ്യൂവിന് ഹാജരാകാനോ കഴിയുമോ? KTU-ൽ വൈസ് ചാൻസലറുണ്ടോ? പ്രസക്തമായ അനവധി ചോദ്യങ്ങൾ ഇവിടെ ഉയരുകയാണ്. ഈ ഗവൺമെന്റിന്റെ സമയത്ത് ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ ശ്വാസംമുട്ടിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു. യൂണിവേഴ്സിറ്റികളുടെ സ്വതന്ത്ര സ്വഭാവത്തെ അട്ടിമറിക്കാനുള്ള നടപടികളും ഇന്ന് ഓരോ ഭാഗത്തുനിന്നുമുണ്ടാവുകയാണ്. യു.ജി.സി.യുടെ പുതിയ ഗൈഡ്‌ലൈൻസ് വരുമ്പോൾ സിലബസ് ഏകീകരണം അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് നീങ്ങുന്നത്

ഇപ്പോൾ തന്നെ പ്രശ്നങ്ങളാൽ കലുഷിതമായി നിൽക്കുന്ന ഈ മേഖലയെ കൂടുതൽ സങ്കീർണ്ണമാക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കും. അതിനെ സംബന്ധിച്ച് ഗവൺമെന്റ് ശക്തമായ നടപടിയും നിലപാടുകളും വ്യക്തമാക്കണമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഭേദഗതികൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് തികച്ചും രാഷ്ട്രീയ പ്രേരിതമായിട്ടാണ്. ക്രിയേറ്റീവായ യാതൊരു മാറ്റവും കൊണ്ടുവരാൻ ഇതുകൊണ്ട് സാധിക്കുകയില്ല. അതിനാൽ നിരാകരണ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: 2018- ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 10-12-2018-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരള സർവ്വകലാശാല (ഭേദഗതി) ബില്ലിന്റെ ചർച്ചയിൽ പ്രതിപാദിക്കപ്പെട്ട വിഷയങ്ങൾ ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിലവിലുള്ള സർവ്വകലാശാല നിയമത്തിന്റെ 17-ാം വകുപ്പിനും 21- ാം വകുപ്പിനും ആവശ്യമായ ഭേദഗതികൾ കൊണ്ടുവന്ന് സാങ്കേതിക മേഖലയിൽ, വിവര സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ള ഒരാളെക്കൂടി ഇതിൽ

ഉൾപ്പെടുത്തണമെന്നും അതിന്റെ സെനറ്റും സിൻഡിക്കേറ്റും സംബന്ധിച്ചും അതിന്റെ അംഗസംഖ്യയെ സംബന്ധിച്ചും പരിമിതമായ ചില ഉദ്ദേശ്യങ്ങളോടുകൂടി കൊണ്ടുവന്ന ഭേദഗതി ബില്ലാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. കേരള സർവ്വകലാശാല കേരള സംസ്ഥാനത്ത് ആദ്യം നിലവിൽ വന്ന സർവ്വകലാശാലകളിൽ ഒന്നാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സർവ്വകലാശാലയാണ്. 228-ലേറെ കോളേജുകളുടെ അഫിലിയേഷനുള്ള ഈ സർവ്വകലാശാലയുടെ കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങൾ ധാരാളം വിമർശനങ്ങൾക്ക് ഇടയാക്കിയിട്ടുണ്ടെങ്കിലും കേരളത്തിന്റെ അഭിമാനമെന്ന നിലയിൽ ഉയർന്നു നിൽക്കുന്ന സർവ്വകലാശാലയാണ്. ഈ സർവ്വകലാശാല സംവരണ വിഷയങ്ങളിലൊക്കെ വലിയ അട്ടിമറി നടത്തിയിട്ടുള്ളതാണ്. സംവരണ കാര്യങ്ങളിൽ പല ആക്ഷേപങ്ങളും ഈ സർവ്വകലാശാലയ്ക്കെതിരായി ഇതിനുമുൻപ് വന്നിട്ടുണ്ട്. അതുപോലെ തന്നെ പരീക്ഷാ നടത്തിപ്പിലും മാർക്ക് തട്ടിപ്പിലും സാധാരണ സർവ്വകലാശാലകൾക്കെതിരായി കേരളത്തിൽ ഉയർന്നുവരാറുള്ള തരത്തിൽ പല ആക്ഷേപങ്ങളും ഈ സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ ഉയർന്നുവന്നിട്ടുണ്ടെങ്കിലും ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഈ സന്ദർഭത്തിൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന ഭേദഗതിയാണെന്ന്

ഞാൻ കരുതുന്നില്ല. ശാസ്ത്ര സാങ്കേതിക മേഖലകളിൽ ലോകത്ത് വലിയ വികാസമുണ്ടായിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി, ജൈവ സാങ്കേതിക വിദ്യ, വിവര സാങ്കേതിക വിദ്യ, നാനോ ടെക്നോളജി തുടങ്ങിയ ശാസ്ത്ര സാങ്കേതിക മേഖലകളിൽ അഭൂതപൂർവമായ പല വികാസവും ലോകത്തിന്റെ ചരിത്രത്തിലേറ്റവും കൂടുതലുണ്ടായിട്ടുള്ള സന്ദർഭമാണിത്. അഡ്മിനിസ്ട്രേറ്റീവ് ബോഡിയായിട്ടാണ് വാസ്തവത്തിൽ സെനറ്റിനെയും സിൻഡിക്കേറ്റിനെയും കാണേണ്ടത്. അഡ്മിനിസ്ട്രേറ്റീവ് ചുമതലകൾ നിർവ്വഹിക്കുന്ന, യൂണിവേഴ്സിറ്റിയുടെ പൊതുവായ കാര്യങ്ങളെ നിയന്ത്രിക്കുന്ന അല്ലെങ്കിൽ മന്ത്രിസഭയ്ക്ക് തുല്യമായ ഭരണസമിതിയെന്ന നിലയിൽ ആ സമിതിയിൽ ഒരു പ്രത്യേക വിവര സാങ്കേതികവിദ്യാ വിദഗ്ധൻ അംഗമായതുകൊണ്ട് വലിയ മാറ്റങ്ങൾ സംഭവിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ആ രംഗത്ത് വൈദഗ്ധ്യമുള്ളവരും അല്ലാത്തവരും ഇത്തരം വിഷയങ്ങളിൽ ഒരുപോലെ ശ്രദ്ധിച്ച് പ്രവർത്തിക്കേണ്ട ഒന്നാണ് സാധാരണഗതിയിലുള്ള സർവ്വകലാശാലാ സിൻഡിക്കേറ്റുകൾ. ലോകത്തിലെ ഇന്നത്തെ സർവ്വകലാശാലയുടെ നിലവാരം വച്ച് പരിശോധിക്കുമ്പോൾ കേരളത്തിലെ സർവ്വകലാശാലകൾ വളരെ പിറകിൽ നിൽക്കുന്ന സർവ്വകലാശാലകളാണ്. സർവ്വകലാശാലകളുടെ ജോലി പ്രധാനമായും ഗവേഷണവും പുതിയ അറിവുകളുടെ വികാസവും

വ്യാപനവുമൊക്കെയാണെങ്കിലും അത്തരം രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കുകയും മറ്റ് പല കാര്യങ്ങളിലും ശ്രദ്ധിക്കുകയും ചെയ്യുന്നതായ ചില തകരാറുകൾ സർവ്വകലാശാലകൾക്കെതിരെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. പ്രധാനമായും പരീക്ഷാ നടത്തിപ്പിൽ, അത് കൃത്യസമയത്ത് നടത്താതിരിക്കലും നടത്തിയ പരീക്ഷയുടെ മാർക്ക് കൂട്ടിക്കൊടുക്കലും പരീക്ഷാ കടലാസുകൾ വഴിയോരത്ത് നിന്നും കിട്ടുന്നതും പല കാര്യങ്ങൾക്കുംവേണ്ടിയുള്ള പരസ്പര പോരും സർവ്വകലാശാലകളിൽ ഇപ്പോൾ കാണപ്പെടുന്നു. അതൊക്കെ വളരെ നിർഭാഗ്യകരമായ സംഗതികളാണ്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട 100 സർവ്വകലാശാലകളെടുത്താൽ അതിൽ 58 സർവ്വകലാശാലകളും അമേരിക്കയിലാണെന്ന് കാണാൻ സാധിക്കും. അതുപോലെ തന്നെ ലോകത്തിലെ ഏറ്റവും മികച്ച 10 സർവ്വകലാശാലകളെടുത്താൽ 8 സർവ്വകലാശാലകളും അമേരിക്കയിലാണ്. ഹാർവാർഡ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ, യൂണിവേഴ്സിറ്റി ഓഫ് മിഷിഗൻ, കൊളംബിയ യൂണിവേഴ്സിറ്റി, എയിൽ യൂണിവേഴ്സിറ്റി, പ്രിൻസ്ടൺ യൂണിവേഴ്സിറ്റി, മസാച്ചുസെറ്റ്സ് യൂണിവേഴ്സിറ്റി ഇങ്ങനെ തുടങ്ങി ലോകത്തിലെ അറിയപ്പെടുന്ന പല പ്രധാന സർവ്വകലാശാലയും അവ ഏത് രാജ്യത്താണെന്നുള്ളതല്ല, ആ

സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നോബൽ പ്രൈസ് ജേതാക്കളായ 50-ൽ അധികം ആളുകൾ ഒരേ സർവ്വകലാശാലയിൽ പഠിച്ച് അവിടെതന്നെ അദ്ധ്യാപകരായി സേവനമനുഷ്ഠിക്കുന്ന പല സർവ്വകലാശാലകളും ഈ കൂട്ടത്തിലുണ്ട്. അതുപോലെ തന്നെ മില്യൺ കണക്കിന് ഗ്രന്ഥങ്ങളുള്ള ലൈബ്രറികൾ ഇത്തരം സർവ്വകലാശാലകൾക്കുണ്ട്. ഇത്തരം സർവ്വകലാശാലകളുടെ വളരെ പ്രത്യേകമായ സംവിധാനങ്ങളും ശാസ്ത്രീയ രംഗത്തുണ്ടായ നേട്ടങ്ങളും ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്ന ഫാക്കൽറ്റിയും പരിശോധിച്ചാൽ ബഹിരാകാശ ഗവേഷണ രംഗത്ത് നാസയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വരെ നിർമ്മിച്ചുകൊടുക്കുന്ന സർവ്വകലാശാലാ ലബോറട്ടറികൾ ലോകത്തുണ്ടെന്ന് കേട്ടാൽ നമ്മൾ അത്ഭുതപ്പെടും. കേരളത്തിലെ സർവ്വകലാശാലകളും അത്തരം സർവ്വകലാശാലകളും തമ്മിൽ താരതമ്യം ചെയ്താൽ നമ്മൾ എത്രയോ അകലെയാണെന്ന് കാണാൻ സാധിക്കും. സർവ്വകലാശാലയെന്നു പറയുന്നത് വാസ്തവത്തിൽ അറിവിന്റെ മേഖലയിൽ, വിദ്യാഭ്യാസത്തിന്റെ മേഖലയിൽ കേരളത്തെയും ലോകത്തെയും മുന്നോട്ടുകൊണ്ടുപോകുന്ന സർവ്വകലാശാലകളുടെ....

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ 12.30-ന് അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ചയാണ്. അങ്ങേയ്ക്ക് നിർബന്ധമാണെങ്കിൽ

അതിനുശേഷം സംസാരിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എനിക്ക് നിർബന്ധമാണ്. Already it is 12.30. ഇവിടെ ആദ്യം സംസാരിച്ചയാൾ 27 മിനിട്ടെടുത്തു.

മി. സ്പീക്കർ: ചർച്ചയ്ക്കുശേഷം അങ്ങേയ്ക്ക് പ്രസംഗം തുടരാം.

ശ്രീ. കെ. എൻ. എ. ഖാദർ: Thank you sir.